# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(എം3)182/24.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 15/03/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റി

സർ,

**വിഷയം : ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇമെയിൽ മുഖേന)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തൃശ്ശൂർ (ഇമെയിൽ മുഖേന)
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(എം3)182/24. തീയ്യതി: 15/03/2024

## തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 31-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുധാദാസ് | ജോയിന്റ് ഡയറക്ടർ | 22-01-2024 | 02-02-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2024 | 02-02-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഓാമന.കെ.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി. സീനത്ത്.പി.എ., ഓഡിറ്റ് ഓഫീസർ
ശ്രീ.നിർമ്മൽ.കെ.ജി., ഓഡിറ്റ് ഓഫീസർ
ശ്രീമതി.പ്രവിദ.പി.എ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജോഷി.സി.ജെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജയൻ.വി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ധന്യ.എ.സുരേന്ദ്രൻ, ഓഡിറ്റർ
ശ്രീമതി. നിലൂഫർ.ബി.ഐ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സോണിയ ഗിരി | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് അനസ് കെ.എം | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഗീതാകുമാരി സി.എസ് | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രസാദ്.വി.എസ് | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ആൻസി.യു.എ | കൃഷി ഓഫിസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ചൈത്ര പി.യു | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സലോമി കെ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 19-02-2023 |
| ശ്രീമതി.ബീന.എൻ.യു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 20-02-2023 | 31-03-2023 |
| ഡോ.ഷിബു കെ.വി | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പൻസറി, കരുവന്നൂർ | 01-04-2022 | 31-03-2023 |
| ഡോ.ബാബുരാജ് ടി.എ | സീനിയർ വെറ്ററിനറി സർജൻ , വെറ്ററിനറി പോളി ക്ലിനിക് , ഇരിങ്ങാലക്കട | 01-04-2022 | 03-04-2022 |
| ഡോ.ജോൺ | സീനിയർ വെറ്ററിനറി സർജൻ , വെറ്ററിനറി പോളി ക്ലിനിക് , ഇരിങ്ങാലക്കട | 04-04-2022 | 03-07-2022 |
| ഡോ.ബാബുരാജ് ടി.എ | സീനിയർ വെറ്ററിനറി സർജൻ , വെറ്ററിനറി പോളി ക്ലിനിക് , ഇരിങ്ങാലക്കട | 04-07-2022 | 19-08-2022 |
| ഡോ.ആഷ.പി.എ | സീനിയർ വെറ്ററിനറി സർജൻ , വെറ്ററിനറി പോളി ക്ലിനിക് , ഇരിങ്ങാലക്കട | 20-08-2022 | 24-09-2022 |
| ഡോ.സജീഷ്.എം.ജി | സീനിയർ വെറ്ററിനറി സർജൻ , വെറ്ററിനറി പോളി ക്ലിനിക് , ഇരിങ്ങാലക്കട | 25-09-2022 | 01-12-2022 |
| ഡോ.സതീഷ് കുമാർ.പി | സീനിയർ വെറ്ററിനറി സർജൻ , വെറ്ററിനറി പോളി ക്ലിനിക് , ഇരിങ്ങാലക്കട | 02-12-2022 | 31-03-2023 |
| ഡോ.മിനിമോൾ എ.എ | സൂപ്രണ്ട്,ജനറൽ ആശുപത്രി, ഇരിങ്ങാലക്കട | 01-04-2022 | 31-03-2023 |
| ഡോ.ബിനു. കെ.ബി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി പൊറത്തിശ്ശേരി | 01-04-2022 | 31-03-2023 |
| ഡോ.സ്മിത ടി.വി | മെഡിക്കൽ ഓഫീസർ,ഗവ.ആയുർവ്വേദഡിസ്പെൻസറി,പൊറത്തിശ്ശേരി | 01-04-2022 | 31-03-2023 |
| ശ്രീ. വിൽസൺ എം.എക്സ് | പ്രോജക്ട് ഓഫീസർ, യു.പി.എ. സെൽ | 01-04-2022 | 30-09-2022 |
| ശ്രീ. സജിമോൻ | പ്രോജക്ട് ഓഫീസർ, യു.പി.എ. സെൽ | 01-10-2022 | 31-10-2022 |
| ശ്രീ. അനിൽ.കെ.ജി | പ്രോജക്ട് ഓഫീസർ, യു.പി.എ. സെൽ | 01-11-2022 | 31-03-2023 |
| ഡോ.സിനി രമ്യ.കെ.ആർ | ചീഫ് മെഡിക്കൽ ഓഫീസർ,ഗവ.ഹോമിയോ ഡിസ്പെൻസറി,ഇരിങ്ങാലക്കട | 01-04-2022 | 08-05-2022 |
| ഡോ.അൻസൽ അഷറഫ്.പി.എം | ചീഫ് മെഡിക്കൽ ഓഫീസർ,ഗവ.ഹോമിയോ ഡിസ്പെൻസറി,ഇരിങ്ങാലക്കട | 09-05-2022 | 28-06-2022 |
| ഡോ.ഹരിലാൽ.കെ.എൻ | ചീഫ് മെഡിക്കൽ ഓഫീസർ,ഗവ.ഹോമിയോ ഡിസ്പെൻസറി,ഇരിങ്ങാലക്കട | 29-06-2022 | 30-06-2022 |
| ഡോ.അൻസൽ അഷറഫ്.പി.എം | ചീഫ് മെഡിക്കൽ ഓഫീസർ,ഗവ.ഹോമിയോ ഡിസ്പെൻസറി,ഇരിങ്ങാലക്കട | 01-07-2022 | 31-08-2022 |
| ഡോ.ഹരിലാൽ.കെ.എൻ | ചീഫ് മെഡിക്കൽ ഓഫീസർ,ഗവ.ഹോമിയോ ഡിസ്പെൻസറി,ഇരിങ്ങാലക്കട | 01-09-2022 | 02-01-2023 |
| ഡോ.ബിജുമോഹൻ.എം | ചീഫ് മെഡിക്കൽ ഓഫീസർ,ഗവ.ഹോമിയോ ഡിസ്പെൻസറി,ഇരിങ്ങാലക്കട | 03-01-2023 | 31-03-2023 |
| ശ്രീമതി.മിനി.ഇ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 28-09-2022 |
| ശ്രീമതി.കവിത വേലായുധൻ | വ്യവസായ വികസന ഓഫീസർ | 29-09-2022 | 17-11-2022 |
| ശ്രീമതി.ദിജ്ജ.എം.വേലായുധൻ | വ്യവസായ വികസന ഓഫീസർ | 18-11-2022 | 23-12-2022 |
| ശ്രീമതി.കവിത വേലായുധൻ | വ്യവസായ വികസന ഓഫീസർ | 24-12-2022 | 06-02-2023 |
| ശ്രീ. സതീഷ്.ഇ.കെ | വ്യവസായ വികസന ഓഫീസർ | 07-02-2023 | 31-03-2023 |
| ശ്രീമതി.അസീന.പി.ബി | ഹെഡ്മിസ്ട്രസ്സ് ,ജി.ജി.എൽ.പി സ്കൂൾ,ഇരിങ്ങാലക്കട | 01-04-2022 | 31-03-2023 |
| ശ്രീമതി.മിനി.കെ.വേലായുധൻ | ഹെഡ്മിസ്ട്രസ്സ് ,ജി.യു.പി സ്കൂൾ,ഇരിങ്ങാലക്കട | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. സീനത്ത് ടി.എ | ഹെഡ്മിസ്ട്രസ്സ്,ജി ജി വി എച് എസ് എസ് ഇരിങ്ങാലക്കുട | 01-04-2022 | 31-05-2022 |
| ശ്രീമതി.ബീന ബേവി | ഹെഡ്മിസ്ട്രസ്സ്,ജി ജി വി എച് എസ് എസ് ഇരിങ്ങാലക്കുട | 01-06-2022 | 31-03-2023 |
| ശ്രീമതി രജിത.കെ.ആർ | ഹെഡ്മിസ്ട്രസ്സ്, ഗവ.മോഡൽ ബോയ്സ്, എച്ച്.എസ്.എസ് ഇരിങ്ങാലക്കുട | 01-04-2022 | 14-06-2022 |
| ശ്രീമതി.ലത.ടി.കെ | ഹെഡ്മിസ്ട്രസ്സ്, ഗവ.മോഡൽ ബോയ്സ്, എച്ച്.എസ്.എസ് ഇരിങ്ങാലക്കുട | 15-06-2022 | 31-03-2023 |
| ശ്രീ. കൃഷ്ണനുണ്ണി. എ | പ്രിൻസിപ്പാൾ,ജി.എം.ബി.എച്ച്.എസ്.എസ്,ഇരിങ്ങാലക്കുട | 01-04-2022 | 31-05-2022 |
| ശ്രീ.സുധീർ.എം | പ്രിൻസിപ്പാൾ,ജി.എം.ബി.എച്ച്.എസ്.എസ്,ഇരിങ്ങാലക്കുട | 01-06-2022 | 12-09-2022 |
| ശ്രീ.മുരളി.എം.കെ | പ്രിൻസിപ്പാൾ,ജി.എം.ബി.എച്ച്.എസ്.എസ്,ഇരിങ്ങാലക്കുട | 13-09-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു.പി. ജോൺ | പ്രിൻസിപ്പാൾ, ജി.എം ജി .എച്ച്.എസ്.എസ്. ഇരിങ്ങാലക്കുട | 01-04-2022 | 16-10-2022 |
| ശ്രീമതി. സോണി.വി.ആർ | പ്രിൻസിപ്പാൾ, ജി.എം ജി .എച്ച്.എസ്.എസ്. ഇരിങ്ങാലക്കുട | 17-10-2022 | 08-12-2022 |
| ശ്രീമതി. ബിന്ദു.പി. ജോൺ | പ്രിൻസിപ്പാൾ, ജി.എം ജി .എച്ച്.എസ്.എസ്. ഇരിങ്ങാലക്കുട | 09-12-2022 | 31-03-2023 |
| ശ്രീമതി.ഹേന. കെ.ആർ | പ്രിൻസിപ്പാൾ,ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഗേൾസ് ഇരിങ്ങാലക്കുട | 01-04-2022 | 24-10-2022 |
| ശ്രീമതി.ധന്യ.കെ.ആർ | പ്രിൻസിപ്പാൾ,ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഗേൾസ് ഇരിങ്ങാലക്കുട | 25-10-2022 | 31-03-2023 |
| ശ്രീ.സെബാസ്റ്റ്യൻ ജോസഫ് | ഹെഡ്മിസ്ട്രസ്സ്, ഗവ.ലോവർ പ്രൈമറി സ്കൂൾ,മുകുന്ദപുരം | 01-04-2022 | 04-07-2022 |
| ശ്രീമതി.റിങ്കു രാമൻ | ഹെഡ്മിസ്ട്രസ്സ്, ഗവ.ലോവർ പ്രൈമറി സ്കൂൾ,മുകുന്ദപുരം | 05-07-2022 | 31-03-2023 |
| ഡോ.പ്രീതി ജോസ് | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം,എ വി എം ജി എഎച്ച്, ഇരിങ്ങാലക്കുട | 01-04-2022 | 30-06-2022 |
| ഡോ.എൻ.ബിജു ബാലകൃഷ്ണൻ | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം,എ വി എം ജി എഎച്ച്, ഇരിങ്ങാലക്കുട | 01-07-2022 | 30-11-2023 |
| ഡോ.പ്രീതി ജോസ് | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം,എ വി എം ജി എഎച്ച്, ഇരിങ്ങാലക്കുട | 01-12-2022 | 12-02-2023 |
| ഡോ.രവീന്ദ്രൻ.ടി.വി. | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം,എ വി എം ജി എഎച്ച്, ഇരിങ്ങാലക്കുട | 13-02-2023 | 31-03-2023 |
| ശ്രീ.സൈനുദ്ദീൻ കെ.എം | ഹെൽത്ത് സൂപ്പർവൈസർ & പ്രൊജക്റ്റ് ഓഫീസർ,യു.പി.എസ്.എ. | 01-04-2022 | 17-11-2022 |
| ശ്രീ.അനിൽ.കെ.ജി. | ഹെൽത്ത് സൂപ്പർവൈസർ & പ്രൊജക്റ്റ് ഓഫീസർ,യു.പി.എസ്.എ. | 18-11-2022 | 15-03-2023 |
| ശ്രീ.നൗഷാദ്.എ. | ഹെൽത്ത് സൂപ്പർവൈസർ & പ്രൊജക്റ്റ് ഓഫീസർ,യു.പി.എസ്.എ. | 16-03-2023 | 31-03-2023 |
| ശ്രീമതി.രമജ ജോസഫ് (ഡെപ്യൂട്ടേഷൻ) | പ്രിൻസിപ്പാൾ ജി.എം.ബി.വി. എച്ച്.എസ്.എസ്. ഇരിങ്ങാലക്കുട | 01-04-2022 | 23-08-2022 |
| ശ്രീമതി.രാജലക്ഷ്മി.കെ.ആർ. | പ്രിൻസിപ്പാൾ ജി.എം.ബി.വി. എച്ച്.എസ്.എസ്. ഇരിങ്ങാലക്കുട | 24-08-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | വസ്തു നികുതി ഡിമാന്റ് - സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വാടക-സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | വരവ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല | 1-1-4 |
| 6 | മുൻകൂർ ആയി ലഭിച്ച തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല | 1-1-6 |
| 8 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-8 |
| 10 | ഡിപ്രിയിസേഷൻ ഷെഡ്യൂൾ വാർഷികകണക്കിൽ ഉൾപെടുത്തിയിട്ടില്ല | 1-1-9 |
| 11 | ഇക്വറ്റി ഷെയർ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-1-10 |
| 12 | സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-1-11 |
| 13 | വായ്പാ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല | 1-1-12 |
| 14 | ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-1-13 |
| 15 | അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-1-14 |
| 16 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-15 |
| 17 | സുലേഖ പത്രിക പ്രകാരമുള്ള മുഴുവൻ ചെലവുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-16 |
| 18 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-കാഷ് ബുക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | ഡെപ്പോസിറ്റ് പ്രവൃത്തികൾ– ശീർഷകം തെറ്റിയതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തിയിനത്തിൽ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു | 1-1-18 |
| 20 | ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തിട്ടില്ല | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | ഫണ്ട് വിനിയോഗം | 1-3 |
| 23 | പദ്ധതി അവലോകനം | 1-4 |
| 24 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-ഫണ്ട് വിനിയോഗം (കാഷ് ബുക്ക് പ്രകാരം) | 1-5 |
| 25 | ക്ഷേമ പദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ I-6 പ്രകാരമുള്ളത്) | 1-6 |
| 26 | ക്യാഷ് പരിശോധന | 1-7 |
| 27 | ക്ഷേമ പദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ I-6 പ്രകാരമുള്ളത്) | 1-8 |
| 28 | നഗരസഭയുടെ നികുതി-നികുതിയേതര വരുമാനങ്ങളുടെ അവലോകനം | 1-9 |
| 29 | രസീത് ബുക്ക്-അപാകത | 1-10 |
| 30 | സ്വകാര്യ ആശുപത്രികളും,പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. | 1-11 |
| 31 | 2020- ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ചട്ടങ്ങളിലെ പട്ടികകളിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ് | 1-12 |
| 32 | സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ് | 1-13 |
| 33 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കേണ്ടതാണ് | 1-14 |
| 34 | കരാറുകാർ, അഭിഭാഷകർ, ഡോക്ടർമാർ ,മറ്റ് പ്രൊഫഷണലുകൾ -തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 35 | പെർമിറ്റ് ഫീസ് കുറവായി ഈടാക്കി | 1-16 |
| 36 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വിഭജിച്ച് നമ്പർ നൽകി കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി | 1-17 |
| 37 | അനധികൃത കെട്ടിടങ്ങൾ - വസ്തു നികുതി അടവാക്കിയിട്ടില്ല | 1-18 |
| 38 | അനധികൃത കെട്ടിടങ്ങൾ - വിവരങ്ങൾ അപൂർണ്ണം | 1-19 |
| 39 | വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-20 |
| 40 | വിനോദനികുതി- ഇ ടിക്കറ്റിംഗ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-21 |
| 41 | ഡെപ്പോസിറ്റ് തുകയിന്മേൽ വാണിജ്യ കെട്ടിടമുറികളുടെ ലേലം നടത്തി. | 1-22 |

| | | |
|---|---|---|
| 42 | ഒഴിഞ്ഞു കിടക്കുന്ന ഷോപ്പിങ്ങ് കോംപ്ലക്സ് മുറികൾ– വാടകയ്ക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-23 |
| 43 | കുത്തക ലേലം- ലേലം വിളിച്ചവർ നഗരസഭയുമായി കരാർ ചമച്ചില്ല. | 1-24 |
| 44 | വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ലഭ്യമായ മണ്ണ്-ലേലനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-25 |
| 45 | ബൈലോകൾക്ക് നാളിതുവരെ സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 46 | പഴയ യു പി എസ് ബാറ്ററികളുടെ ലേലം- തുക ബാധ്യത ശീർഷകത്തിൽ ഈടാക്കി. | 1-27 |
| 47 | അമൃതം ഫുഡ് സപ്ലിമെന്റ് വിതരണക്കാരനിൽ നിന്നും ജി എസ് ടി- ടി ഡി എസ് ഈടാക്കിയില്ല. | 1-28 |
| 48 | ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - 295316/- രൂപ തടസ്സപ്പെടുത്തുന്നു | 1-29 |
| 49 | കിണർ റീചാർജ്ജിങ്ങ് പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ - 783677/- രൂപ തടസ്സപ്പെടുത്തുന്നു. | 1-30 |
| 50 | GeM മുഖേനയല്ലാതെ പർചേയ്സുകൾ നടത്തി | 1-31 |
| 51 | ട്രാൻസ്ഫോർമറിന്റെ ശേഷി കൂട്ടൽ–വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-32 |
| 52 | താൽക്കാലിക സാനിട്ടേഷൻ വർക്കർമാരുടെ ക്ഷാമബത്തക്കുടിശ്ശിക – അധികം തുകയനുവദിച്ചു | 1-33 |
| 53 | ടെർമിനൽ സറണ്ടർ - ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്തയനുവദിച്ചു | 1-34 |
| 54 | പെൻഷൻ കുടിശ്ശിക - ഉയർന്ന നിരക്കിൽ മെഡിക്കൽ അലവൻസനുവദിച്ചു | 1-35 |
| 55 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-36 |
| 56 | മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിച്ചിട്ടില്ല. | 1-37 |
| 57 | എച്ച് എം സി വാർഷികകണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. | 1-38 |
| 58 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - അപാകങ്ങൾ | 1-39 |
| 59 | ജി.എസ്.ടിയിനത്തിൽ കരാറുകാരന് തുക അധികം നൽകി. | 1-40 |
| 60 | പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-41 |
| 61 | തൻവർഷം ഫസ്റ്റ് & പാർട്ട് ബിൽ നൽകിയതും കരാർ കാലാവധി കഴിഞ്ഞതുമായ പ്രവൃത്തികൾ നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. | 1-42 |
| 62 | കാടത്തോട് കൊച്ചിപ്പാടം എന്നീ ജലസ്രോതസ്സുകളുടെ നവീകരണം-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-43 |
| 63 | മരാമത്ത് പ്രവൃത്തികളിൽ നിന്ന് കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-44 |
| 64 | എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചിട്ടില്ല | 1-45 |
| 65 | വില്ലേജ് ഓഫീസ് റോഡ് റീ ടാറിങ്ങും,പാർശ്വ ഭിത്തി സംരക്ഷണവും,ചുണ്ടങ്ങപ്പാടം കൾവർട്ട് മെയിന്റനൻസ്-പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല | 1-46 |
| 66 | എം.എൻ. ലക്ഷംവീട് കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കിയിട്ടില്ല എം.എൻ.ലക്ഷംവീട് കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കിയിട്ടില്ല | 1-47 |
| 67 | മുതലക്കുളം പടവ് -മോട്ടോറും പമ്പ് സെറ്റ് സ്ഥാപിക്കലും -മോട്ടോർഷെഡ് നിർമ്മാണം -സൂപ്പർവിഷൻ ചാർജ്ജ് അധികം നൽകി. | 1-48 |
| 68 | ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല-ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. | 1-49 |
| 69 | പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല- | 1-50 |
| 70 | നഗരസഭാ ആസ്തികളുടെ മാപ്പിങ്ങും,ഡിജിറ്റലൈസേഷൻ നടത്തൽ -പൂർത്തീകരിച്ചിട്ടില്ല | 1-51 |
| 71 | മണ്ണിന്റെ വിനിയോഗം, പിഴ ഈടാക്കിയ വിവരങ്ങൾ എന്നിവ അറിയിക്കേണ്ടതാണ് | 1-52 |
| 72 | മരാമത്ത് പ്രവൃത്തി -അപാകതകൾ | 1-53 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | താൽക്കാലിക സാനിട്ടേഷൻ വർക്കർമാരുടെ ക്ഷാമബത്തക്കുടിശ്ശിക – അധികം തുകയനുവദിച്ചു | 3-1 |
| 2 | ടെർമിനൽ സറണ്ടർ - ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്തയനുവദിച്ചു. | 3-2 |
| 3 | പെൻഷൻ കുടിശ്ശിക- ഉയർന്ന നിരക്കിൽ മെഡിക്കൽ അലവൻസനുവദിച്ചു | 3-3 |
| 4 | മുതലക്കുളം പടവ് -മോട്ടോറും പമ്പ് സെറ്റ് സ്ഥാപിക്കലും -മോട്ടോർഷെഡ് നിർമ്മാണം -സൂപ്പർവിഷൻ ചാർജ്ജ് അധികം നൽകി. | 3-4 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 10.07.2023 തീയതിയിലെ 3-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 14.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി: 15.03.2024**

**ജോയിന്റ് ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ**

### 1–1–1 വസ്തു നികുതി –വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും

തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1) വസ്തു നികുതി(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5,46,14,639 | 4,63,72,357 | 9,30,423 | 73,11,859 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4,74,80,131<br>(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | 4,10,05,237<br>(റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-37) | 1,03,369<br>( 350410101-Advance Collection-PT ന്റെ ലെഡ്ജർ) | 63,71,525**<br>**(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (6690101 X 100/105)=6371525 |

ഡിമാന്റ്, കളക്ഷൻ ,മുൻകൂർ ക്രമീകരിച്ചത്, ബാക്കി തുക പൊരുത്തപ്പെടുന്നില്ല.

2)വസ്തു നികുതി(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2,66,67,992 | 1,18,83,452 | 1,47,84,540 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *3,08,38,244<br>*(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (10606779+ 21773377 =32380156 X100/105) | 1,05,52,749<br>(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-37) | **2,02,85,495<br>**(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (21299770 X 100/105)=20285495 |

ഡിമാന്റ്, കളക്ഷൻ ,ബാക്കി തുക പൊരുത്തപ്പെടുന്നില്ല.

**1-1-2 വസ്തു നികുതി ഡിമാന്റ് – സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല**

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007,ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ ഇരിഞ്ഞാലക്കുട നഗരസഭയിൽ നിരവധി കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110010100-Property Tax (General)എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം (V.No: 42200251/1-4-2022)രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ്

തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-3 വാടക-സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 1-1-1 ൽ ചേർത്തിട്ടുണ്ട്)

| ക്രം. നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100800-Rent From Shopping Complex | 9490021 | 01.04.2022 | 42200271 |
| 2. | ഭൂമി പാട്ടം | 130400100-Rent From Lease Of Lands | 112865 | 01.04.2022 | 42200323 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-4 വരവ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം54(3)(എച്ച്)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.വാടക ഡിമാന്റ് രജിസ്റ്റർ

5. ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ.

6. പരസ്യ ഫീസ് റെജിസ്റ്റർ

7. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

8. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്ററർ

9. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

10. ലേല രജിസ്റ്റർ

ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും സംക്ഷിപ്തം തയ്യാറാക്കാതെയും കണക്കുകളിൽ വരുമാന ഇനങ്ങളുടെ ഡിമാന്റ് തുക എപ്രകാരമാണ് ചേർത്തിരിക്കുന്നതെന്ന് വ്യക്തമല്ല. ആയതിനാൽ വാർഷികകണക്കുകളിലെ വരുമാനങ്ങളുടെ ഡിമാന്റ് തുക, ബാലൻസ്ഷീറ്റിൽ ഈയിനത്തിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-1-5 മുൻകൂർ ആയി ലഭിച്ച തുകകൾ രജിസ്റ്ററിൽ രേഖപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനത്തിന് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees | 833889 |

### 1-1-6 പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം, വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ 31/3/2023 പ്രകാരമുള്ള തുക I-16 ൽ ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ശീർഷകം | 2022-23 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക (I-16) | 31/3/2023 ലെ Outstanding പ്രൊവിഷൻ ബാക്കി (ബാലൻസ് ഷീറ്റ് ബി – 21 പ്രകാരം |
|---|---|---|---|
| 1. | 270100401-Provision For Doubtful Receivable-Rent From Civic Amenities | 62391 | (163410) |
| 2 | 270100101-Provision For Doubtful Receivable-Property Tax (General) | 5324942 | (17867596) |
| 3 | 270100106-Provision For Doubtful Receivable-Profession Tax-Institutions/ Professionals/ Traders | 179157 | (377194) |
| 4 | 270100301-Provision For Doubtful Receivable-Licence Fees | 2375 | (7652) |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-1-7 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപെടുത്തി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007 ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-9 ഡിപ്രിയിസേഷൻ ഷെഡ്യൂൾ വാർഷികകണക്കിൽ ഉൾപെടുത്തിയിട്ടില്ല**

2022-23 വർഷത്തെ Income And Expenditure Statement പ്രകാരം 417,48,548/- രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക വരുന്നതായ I-17(a) ഷെഡ്യൂൾ വാർഷികകണക്കിൽ ഉൾപെടുത്തിയിട്ടില്ല.

**1-1-10 ഇക്വറ്റി ഷെയർ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 84,00,966/-രൂപയുടെ നിക്ഷേപമുണ്ട്. ഇതിൽ 34,00,966/- രൂപ യുടെ സ്ഥിര നിക്ഷേപരസീതികൾ മാത്രമാണ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയത്. 50,00,000 രൂപയുടെ ഇക്വറ്റി ഷെയർ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ സ്ഥിരനിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-11 സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 5,35,422/-രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ B-14 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

**1-1-12 വായ്പാ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല**

ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരമുള്ള വായ്പയുടെ വിശദാംശങ്ങൾ വായ്പാ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ B-5 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

**1-1-13 ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ വിവരം രേഖപ്പെടുത്തിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

**1-1-14 അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരമുള്ള ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ്, വാട്ടർ ഡെപ്പോസിറ്റ് എന്നിവ രേഖപ്പെടുത്തിയ അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ B-18 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

**1-1-15 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4 എന്നിവ പ്രകാരം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17). ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള ബാധ്യതാ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-16 സുലേഖ പത്രിക പ്രകാരമുള്ള മുഴുവൻ ചെലവുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

ഓഡിറ്റിന് ലഭ്യമാക്കിയ സുലേഖ പത്രിക പ്രകാരമുള്ള വിവിധ ഗ്രാന്റുകളുടെ വരവ് ചെലവ് തുകകളും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. തത്തുല്യമായ തുകയ്ക്കുള്ള പേയ്മെന്റ് വൗച്ചറുകളും ലഭ്യമല്ല. അതിനാൽ 2022-23 വർഷം നഗരസഭക്ക് ലഭിച്ചതും ചിലവഴിച്ചതുമായ എല്ലാ ഗ്രാന്റുകളുടെയും മുഴുവൻ തുകകളുടെയും വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സുലേഖ പ്രകാരം ആകെ ചെലവ് | I-6 - ആകെ വരവ്/ ചെലവ് | B3-Capital Contribution | ആകെ | വ്യത്യാസം |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 43437888 | 38520644 | 4041244 | 42561888 | 876000 |
| വികസന ഫണ്ട്- എസ് സി പി | 25564507 | 13223247 | 12181260 | 25404507 | 160000 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്+അൺ ടൈഡ് | 40099746 | 38923049 | - | | 38923049 | 1176697 |

മേൽ പരാമർശിച്ച ഫണ്ടുകളിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ 320200111 Development Fund - CFC Grant Tied, 320200112 Development Fund - CFC Grant UnTied എന്നീ ശീർഷകങ്ങൾ പ്രകാരം സി.എഫ്.സി ഫണ്ട് ഉപയോഗിച്ചുള്ള പ്രൊജക്ടുകളുടെ ബാങ്ക് മുഖേനയുള്ള ചെലവുകൾ യഥാക്രമം 1,53,93,681/-, 1,41,41,105/- രൂപയാണ്( ബാക്കി 10564960/- രൂപ ട്രഷറി മുഖേനയാണ് ചെലവഴിച്ചത്. ). ഇതിൽ 29534786/- രൂപയുടെ വരവ് /ചെലവ്, I-6 ലെ സി.എഫ്.സി ഗ്രാന്റുമായി ബന്ധപ്പെട്ട ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിന് പകരം 160109900-Other Revenue Grants എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിരിക്കുന്നത്. കൂടാതെ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക "Capital Contribution" എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല. മേൽ അപാകങ്ങൾ 2022-23 വർഷത്തെ സ്ഥാപനത്തിന്റ യഥാർത്ഥ വരവ്/ചെലവ് കണക്കുകൾ വാർഷിക കണക്കിൽ പ്രതിഫലിയ്ക്കാതിരിക്കുന്നതിനും Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം ,ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കാനും കാരണമാകുന്നു. 2023-24 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ 2022-23 വർഷത്തെ യഥാർത്ഥ ചെലവ് കണ്ടെത്തി വ്യത്യാസം വരുന്ന തുക "Prior Period Item" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രമീകരിക്കേണ്ടതും 2022-23 വർഷത്തിൽ സി.എഫ്.സി ഫണ്ട് ഉപയോഗിച്ചുള്ള ചെലവുകളിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക, പ്രസ്തുത തുക വരവ് വെച്ച "Prior Period Item" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution" ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

## 1-1-17 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-കാഷ് ബുക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള ആകെ ചെലവ് 11060125/-രൂപയാണ്. എന്നാൽ വാർഷിക കണക്കുകളിലെ ഐ-14 ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ചെലവു തുകയായി (250200100-Expenditure On Poverty Eradication Programme) ചേർത്തിരിക്കുന്നത് 1,11,07,928/- രൂപയാണ്.
കൂടാതെ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തി നിർമിക്കുന്നതിനുള്ള 148705/-രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | തുക |
|---|---|
| ആറാട്ടുകടവ് ലിങ്ക് റോഡ് ഇന്റർലോക്ക് കട്ടവിരിക്കൽ | 148705/- |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 148705/-രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 148705/-രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-1-18 ഡെപ്പോസിറ്റ് പ്രവൃത്തികൾ- ശീർഷകം തെറ്റിയതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തിയിനത്തിൽ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്ട് | വൌച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ഏജൻസി | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|---|
| 1 | 184/23 ഇരിങ്ങാലക്കുട | 22201908/ 30.3.2023 | 30,00,000 | KWA | 230500300-Repairs & | 4 ൽ തുടങ്ങുന്ന ഉചിതമായ |

| | | | | | | |
|---|---|---|---|---|---|---|
| | മുനിസിപ്പാലിറ്റി -വിവിധ ഇടങ്ങളിൽളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | | | Maintenance - Water Supply | ശീർഷകം |
| 2 | 349/23 കുന്നമ്മക്കര വാട്ടർ കണക്ഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22200886/ 29.11.2022 | 3,20,000 | KWA | 230500300- Repairs & Maintenance - Water Supply | |

**1-1-19 ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തിട്ടില്ല**

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ കാലങ്ങളായി ഇടപാടുകൾ നടത്തുന്നില്ല. പലിശ വരവ് വെക്കുക മാത്രമാണ് ചെയ്തു വരുന്നത്. ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | Account No. | Balance As Per Pass Book | Remarks |
|---|---|---|---|---|
| 1. | 450430100- Irinjalakkuda Town Co Op Bank 101359 | 101359 | 951 | - |
| 2. | 450410600-SBI NULM | 4158 | 4585 | NULM പദ്ധതിക്ക് വേണ്ടി നിലവിൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. |
| 3. | 450610700- Bank Of Baroda (Cremitorium) | 36022 | 39200 | - |
| 4. | 450230200 - Karuvannur Service Co-Operative Bank Ltd. | 3720 | 67983.73 | സോണൽ ഓഫീസ് തനത് ഫണ്ടിന് വേണ്ടി 31.03.2000 -ൽ അക്കൗണ്ട് ആരംഭിച്ചു. |
| 5. | 450230300 Thrissur District Co-Operative Bank Loan A/C | 8556 | 1882 | ക്ലോസ് ചെയ്ത ലോൺ അക്കൗണ്ടിന്റെ ബാലൻസ് തുക ആയതിനാലും, നിലവിൽ ട്രാൻസാക്ഷൻ ഇല്ലാത്തതിനാലും |
| 6. | 450610200 StateBank Of India | 57069904379 | 384312 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾക്ക് വേണ്ടി ആരംഭിച്ച അക്കൗണ്ട് നിലവിൽ ഇടപാടുകളില്ല. പ്ലാൻ ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. |
| 7. | 450610300 State Bank Of India | 67100552983 | 3341 | മുനിസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾക്ക് വേണ്ടി ആരംഭിച്ച അക്കൗണ്ട് നിലവിൽ ഇടപാടുകളില്ല. പ്ലാൻ ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. |
| 8. | 450610400 State Bank Of India | 67100543366 | 19796 | പ്രോജക്റ്റ് ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾക്ക് വേണ്ടി ആരംഭിച്ച അക്കൗണ്ട് നിലവിൽ ഇടപാടുകളില്ല. പ്ലാൻ ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| 9. | 450610500 State Bank Of India | 67107847722 | 15693 | IEO നടപ്പിലാക്കിയ പദ്ധതികൾക്ക് വേണ്ടി ആരംഭിച്ച അക്കൗണ്ട് നിലവിൽ ഇടപാടുകളില്ല. പ്ലാൻ ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. |
| 10. | 450610900 Indian Overseas Bank(IHSDP) | 1666 | 6787041.5 | IHSDP ക്ക് വേണ്ടി 25.04.2011 -ൽ അക്കൗണ്ട് ആരംഭിച്ചു. പ്ലാൻ ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. |
| 11. | 450410300 Indian Overseas Bank(IHSDP) | 1050 | 422342 | IHSDP ക്ക് വേണ്ടി അക്കൗണ്ട് ആരംഭിച്ചു. പ്ലാൻ ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. |
| 12. | 450620200 Indian Bank-DSWM | 7854 | 9649 | - |

## 1-2 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 19.03.2022 | 1 | 844081058 | 870380064 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 17.03.2023 | 1 | 597722792 | 595821254 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്**/ ലാപ്സായ തുക* |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 6,59,29,162 | 6,59,29,162 | 4,34,37,888 | 2,24,91,274* |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 3,25,85,298 | 3,25,85,298 | 2,55,64,507 | 70,20,791* |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | | 0 | 5,11,84,000 | 5,11,84,000 | 2,40,54,475 | 2,71,29,525* |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | | 0 | 1,99,25,000 | 1,99,25,000 | 1,52,71,002 | 4653998* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | ബാങ്ക് | 74,88,951 | 1,28,56,765 | 2,03,45,716 | 1,53,93,681 | 49,52,035** |
| | ട്രഷറി | 0 | 1,28,95,580 | 1,28,95,580 | 79,38,226 | 49,57,354* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | ബാങ്ക് | 59,43,680 | 82,82,000 | 1,42,25,680 | 1,41,41,105 | 84,575** |
| | ട്രഷറി | 0 | 26,78,622 | 26,78,622 | 26,26,734 | 51,888* |

1. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകളുടെ എ.സി.ആർ സൂക്ഷിക്കാത്തതിനാൽ B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റു ഗ്രാന്റുകളുടെ വിവരം മേൽപട്ടികയിൽ ചേർത്തിട്ടില്ല.

2. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

3.വികസന ഫണ്ട്-ജനറൽ, ,വികസന ഫണ്ട്-എസ്.സി.പി, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ

വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക 1-1-16 ൽ ചേർത്തിട്ടുണ്ട്)

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 454 | 305991554 | 285 | 159218009 | 52.03 | 62.77 |

## 1-5 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-ഫണ്ട് വിനിയോഗം (കാഷ് ബുക്ക് പ്രകാരം)

| മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | | ആകെ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| | AUEGS ഫണ്ട് ലഭിച്ചത് | പലിശ | | ഭരണ ചെലവുകൾ | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | മെറ്റീരിയൽ കോസ്റ്റ് | | |
| 11,51,542 | 1,00,00,000 | 7331 | 1,11,58,873 | 6,62,031 | 98,62,474 | 5,35,620 | 1,10,60,125 | 98748 (ട്രഷറി-82634 ബാങ്ക്-16114) |

എന്നാൽ കാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക 1-1-17 ൽ ചേർത്തിട്ടുണ്ട്)

## 1-6 ക്ഷേമ പദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ I-6 പ്രകാരമുള്ളത്)

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4439600 | 363 |
| വിധവാ പെൻഷൻ | 26610200 | 89 |
| വാർദ്ധക്യകാല പെൻഷൻ | 60157500 | 529 |
| വികലാംഗപെൻഷൻ | 6440200 | 17 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2675200 | 16 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300000 | 10 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.01.2024 തീയതിയിൽ 3.00 PM ന് മുനിസിപ്പാലിറ്റി അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,97,578 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ I-6 പ്രകാരമുള്ളത്)

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകങ്ങൾ ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 നഗരസഭയുടെ നികുതി-നികുതിയേതര വരുമാനങ്ങളുടെ അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഇരിങ്ങാലക്കുട നഗരസഭയുടെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. വസ്തുനികുതി കുടിശ്ശിക നിവാരണത്തിനായി നോട്ടീസ് വിതരണം നടത്തുകയും ഫെബ്രുവരി മാസം മുതൽ ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം വസ്തു നികുതി, തൊഴിൽനികുതി, വാടക എന്നീ ഇനങ്ങളിൽ കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. എന്നാൽ

കുടിശ്ശികയും അത് ഏതു കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനങ്ങൾ വാർഡ്സഭകളിൽ നടത്തി വരുന്നുണ്ട്. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്കും നൽകുകയും ചെയ്യുന്നില്ല.

നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്കും നൽകേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയിലും ഭരണസമിതി യോഗത്തിലും അജണ്ട ഉൾപ്പെടുത്തി ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. നികുതി-നികുതിയേതര വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് തൻവർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് ( % ) |
|---|---|---|---|
| വസ്തുനികുതി | 46120282 | 47480131 | 2.94 |
| സേവന ഉപനികുതി | 4259063 | 4797098 | 12.63 |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 3595258 | 3650000 | 1.52 |
| തൊഴിൽ നികുതി - ജീവനക്കാർ | 11529661 | 11530400 | - |
| വിനോദനികുതി | 273686 | 3011883 | 1000 |
| വാടക | 8014990 | 10652795 | 32.9 |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

<u>വസ്തുനികുതി</u>

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ചിട്ടുള്ളതാണ്. 09.08.2023 ലെ നഗരസഭ കൗൺസിലിന്റെ 7-ാം നമ്പർ തീരുമാനപ്രകാരം അടിസ്ഥാന നിരക്ക് അന്തിമമായി തീരുമാനിക്കുകയും 25.08.23 തിയതിയിൽ ആർ2-6044/23 നമ്പറായി അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ വിഭാഗത്തിന്റെയും അടിസ്ഥാന നിരക്ക് പുതുക്കി നിശ്ചയിച്ചതിന്റെ അന്തിമ വിജ്ഞാപനം 25.09.20223ൽ എസ്.സി.2-158/23 നമ്പറായി പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ആയതു പ്രകാരമുള്ള നിരക്കുകൾ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ പുതുക്കിയ നിരക്കിലാണ് വസ്തുനികുതി ഈടാക്കി വരുന്നത്. ഡാറ്റ പ്യൂരിഫിക്കേഷൻ എന്നതിനു പകരം വൺ ടൈം കറക്ഷൻ ചെയ്യാനുള്ള ഓപ്ഷൻ ആണ് ഉള്ളത് ആയത് പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ട്, ആയതിന്റെ വെരിഫിക്കേഷൻ നടന്നു കൊണ്ടിരിക്കുകയാണ്. നഗരസഭാ പ്രദേശത്തെ മേഖലാടിസ്ഥാനത്തിൽ പരിഷ്കരിച്ച് തിരിച്ചിട്ടുണ്ട്.

തനതു വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ വസ്തുനികുതി തൻവർഷം ഡിമാന്റിന്റെ 86% ഉം കുടിശ്ശിക ഡിമാന്റിന്റെ 33% ഉം ആണ് പിരിച്ചെടുത്തിട്ടുള്ളത്. മൊബൈൽ ടവറുകൾ, അനധികൃത കെട്ടിടങ്ങൾ വസ്തുനികുതിയിനത്തിൽ വലിയ തുക കുടിശ്ശിക വരുത്തിയിട്ടുണ്ട്. അനധികൃത കെട്ടിടങ്ങളിൽ പലതും സഞ്ചയയിൽ ഉൾപ്പെടാതെ പോയിട്ടുള്ളതിനാൽ വസ്തുനികുതിയിനത്തിൽ നഷ്ടം വരുന്നുണ്ട്.

തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ഫീൽഡ് സന്ദർശനം നടത്താറുണ്ട്. എന്നാൽ അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

<u>സേവന ഉപനികുതി</u>

വസ്തുനികുതിയുടെ 10% നിലവിൽ സേവന ഉപനികുതിയായി ചുമത്തുന്നുണ്ട് (ജലവിതരണം 4%, ശുചിത്വപരിപാലനം 3%, തെരുവുവിളക്ക് പരിപാലനം 3%, ഡ്രെയ്നേജ് 1%). സർവീസ് ചാർജ് ഇനത്തിൽ നഗരസഭയ്ക്ക് വരുമാനം ഇല്ല.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, ടാക്സ് കൊടുക്കാൻ ബാധ്യസ്ഥരായ സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, നഗരസഭയിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ,നഗരസഭാ പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. എന്നാൽ നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. തൊഴിൽനികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തടയുന്നതിനും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിനോദനികുതി

നിലവിൽ തിയറ്ററുകളിൽ നിന്നും മാത്രമാണ് വിനോദനികുതി ഈടാക്കി വരുന്നത്. തിയറ്ററുകളിൽ നിന്നും ഹാജരാക്കുന്ന റിട്ടേണുകളുടെ അടിസ്ഥാനത്തിലാണ് വിനോദനികുതി പിരിക്കുന്നത്. ഇ-ടിക്കറ്റിംഗ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭയുടെ ഭാഗത്ത് നിന്നും നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ് / സ്റ്റേഡിയം, നീന്തൽ കുളങ്ങൾ, കേബിൾ ടി വി നെറ്റ്‌വർക്ക് എന്നിവ നഗരസഭയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ നിലവിൽ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. വരുമാനത്തിന്റെ സാധ്യത നിലനിൽക്കുന്നുണ്ട് എങ്കിലും പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനമൊന്നും എടുത്തിട്ടില്ല.

വാടക

ഇരിങ്ങാലക്കുടയിലും പൊറത്തിശ്ശേരി സോണൽ പരിധിയിലുമായി നഗരസഭയുടെ വാണിജ്യ കെട്ടിടമുറികൾ ഓഡിറ്റോറിയം/ഹാളുകൾ, മാർക്കറ്റ് സ്റ്റാളുകൾ, മൈതാനങ്ങൾ എന്നിവയിൽ നിന്നും വാടകയിനത്തിൽ വരുമാനമുണ്ട്. എന്നാൽ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട ബൈലോകൾക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. വാടകയിനത്തിൽ 1164769 രൂപ കുടിശ്ശിക പിരിച്ചെടുക്കാനുമുണ്ട്.

ലേലം

A) നഗരസഭയുടെ വസ്തുവഹകൾ കുത്തക ലേലം ചെയ്തു നൽകിയ ഇനത്തിൽ വരുമാനമുണ്ട്. എന്നാൽ ലേലം/പുനർലേലം നടത്തിയിട്ടും പോകാത്തവയുമുണ്ട്. ലേലക്കാരുമായി നഗരസഭ കരാർ ചമക്കുന്നില്ല.

B) വാണിജ്യമുറികൾ ലേലം ചെയ്തിട്ടുള്ളത് ഡെപ്പോസിറ്റ് തുകയിന്മേലാണ്. വാടകയിൽ ആയതിനാൽ വർദ്ധനവ് ഉണ്ടാകുന്നില്ല. ചട്ടപ്രകാരം മത്സരാധിഷ്ഠിത പരസ്യലേലം വാടകയിന്മേൽ നടത്തേണ്ടതാണ്.

C) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ലഭ്യമായ മണ്ണിന്റെ ലേലം മുഴുവനും നടത്തിയിട്ടില്ല. ലേലം നടത്തി വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

ലൈസൻസ് വരവ്

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല എന്നതിനാൽ നഗരസഭയിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചില്ല. അപാകതകൾ ഖണ്ഡിക 1-12, 1-13 എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്. നഗരസഭയിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**1-10 രസീത് ബുക്ക്-അപാകത**

രസീത് ബുക്കിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ രസീത് ബുക്കുകളുടെ സ്റ്റോക്ക് ബുക്ക് പരിശോധിച്ചതിൽ 351എന്ന രസീത് ബുക്ക് സഹീർ (R I) യുടെ പേരിൽ 15.12.23 ന് ഇഷ്യൂ ചെയ്തിട്ടുണ്ട്. ടി രസീത് ബുക്കിലെ 35004 മുതൽ 35022 വരെ (മാർക്കറ്റ് ഫീസ്) ഉള്ള രസീതുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/30.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടങ്ങൾ18(2),73,74 & കേരള ഫിനാൻഷ്യൽ കോഡ് (വാല്യം 1) ആർട്ടിക്കിൾ 90 (എ) പ്രകാരം രസീതുകൾ ഉപയോഗിക്കേണ്ടതാണ്.

ഡബിൾ സൈഡഡ് കാർബൺ പേപ്പർ ഉപയോഗിച്ചാണ് രസീത് എഴുതുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 സ്വകാര്യ ആശുപത്രികളും,പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തെ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്ററുകളും അപേക്ഷകളും, ലൈസൻസ് രജിസ്റ്ററുകളും പരിശോധിച്ചതിൽ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പാരാമെഡിക്കൽ സ്ഥാപനങ്ങൾ | വാർഡ്/ കെട്ടിട നമ്പർ |
|---|---|---|
| 1 | ഇവാ ഡെന്റൽ ക്ലിനിക് | 11/518-E,F |
| 2 | സിറിൽസ് ഡെന്റൽ ക്ലിനിക് | 12/460 |
| 3 | സ്പെഷാലിറ്റി ഡയഗ്നോസ്റ്റിക് ക്ലിനിക് | 16/25-A |
| 4 | നീതി ക്ലിനിക്കൽ ലാബ് | 16/342 |
| 5 | മെഡി ടെക് ലാബ് | 16/323 |
| 6 | ആസ്റ്റോ ഹെൽത്ത് കെയർ | 11/151-A |

ഇത്തരത്തിൽ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കാതെയോ/ പുതുക്കാതെയോ പ്രവർത്തിക്കുന്നുണ്ടോ എന്നുള്ള ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/30.01.24) മറുപടി ലഭ്യമാക്കിയതു പ്രകാരം, മേൽ സ്ഥാപനങ്ങളുടെ ഫീസ് ഒടുക്കിയതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ല എന്നും ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3,4,5 പ്രകാരം സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 2020- ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ചട്ടങ്ങളിലെ പട്ടികകളിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 30.10.2020 ലെ സ.ഉ. (പി) നമ്പർ 62/2020/തസ്വഭവ, 2020 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പ്രകാരം I-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഇനങ്ങൾ വ്യവസായങ്ങളിലും ഫാക്ടറികളിലും ഉൾപ്പെടുന്നവയും II-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഇനങ്ങൾ വ്യാപാരങ്ങളിലും സംരംഭക പ്രവർത്തനങ്ങളിലും ഉൾപ്പെടുന്നവയുമാകുന്നു.പട്ടിക രണ്ടിലെ ക്രമ നം.238 പ്രകാരം റേഷൻ കട, മാവേലി സ്റ്റോർ ക്രമ നം.387 പ്രകാരം കള്ള് ഷാപ്പ്, ക്രമ നം.300 മൊബൈൽ ടവർ, ക്രമ നം.333 ടർഫ് ഗ്രൗണ്ട് എന്നിവയ്ക്ക് നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് ആവശ്യമാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ അപേക്ഷകർ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും ഫാക്ടറി വ്യാപാര ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ നഗരസഭാ പരിധിയിൽ വരുന്നതുമായ നിയമവേധയമായ ഏതൊരു വ്യാപാരവും, സംരംഭക പ്രവർത്തനവും മറ്റു സേവനങ്ങളും ഇത്തരം സ്ഥാപനങ്ങൾ ഉൾപ്പെട്ടിരുന്നില്ല.

ഈ നഗരസഭ പരിധിയിൽ പ്രവർത്തിച്ചുവരുന്ന ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തുവാൻ സ്വീകരിക്കുന്ന നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.14/30.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭൗതിക പരിശോധന നടത്തി ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചു വരുന്ന എല്ലാ സ്ഥാപനങ്ങളെയും കണ്ടെത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 2(51) പ്രകാരം വർഷം എന്നാൽ ഒരു സാമ്പത്തിക വർഷം എന്ന് നിർവചിച്ചിരിക്കുന്നതിനാൽ എല്ലാ വ്യാപാര ലൈസൻസികളും ഒരു സാമ്പത്തിക വർഷാരംഭത്തിലോ കേരള

മുനിസിപ്പാലിറ്റി( വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയുള്ള സമയത്തിനകമോ ലൈസൻസ് പുതുക്കേണ്ടതാണ്.

ട്രേഡേഴ്സ് രജിസ്റ്ററും, 2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ,ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്ന ചില സ്ഥാപനങ്ങൾ 2022-23 കാലയളവിലേക്ക് ലൈസൻസ് പുതുക്കിയതായി രജിസ്റ്ററിൽ ചേർത്തിട്ടില്ല.ഉദാഹരണമായി,

| ക്രമ നം. | സ്ഥാപനങ്ങൾ | വാർഡ് /കെട്ടിട നം |
|---|---|---|
| 1 | ഷനൽ.സി.പി,സ്റ്റുഡിയോ | 1/282 |
| 2 | കൃഷ്ണ കമ്മ്യൂണിക്കേഷൻസ് | 2/348 |
| 3 | സെന്റ് ആന്റണീസ് സ്റ്റോഴ്സ് | 3/350 |
| 4 | KPK മെമ്മോറിയൽ ഹാൾ | 5/228-A |
| 5 | M R സെയിൽസ് | 8/356-A |
| 6 | പള്ളായി ഏജൻസീസ് | 8/554 |
| 7 | ഇവ ഡെന്റൽ ക്ലിനിക് | 11/518-D,E,F |
| 8 | റോയൽ മോട്ടോഴ്സ് | 12/72-B |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/01.02.24) മറുപടി ലഭ്യമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്, സർക്കാർ ഉത്തരവ് (പി) നമ്പർ 62/2020/തസ്വഭവ. എസ്.ആർ.ഒ. നമ്പർ 857/2020 തിരുവനന്തപുരം 30.10.2020 വിജ്ഞാപനപ്രകാരം, പട്ടിക I, പട്ടിക II എന്നിവയിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

നിലവിലുള്ള ലൈസൻസികൾ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

### 1-14 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഭൂരിപക്ഷം സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും തൊഴിൽ നികുതി അടവാക്കിയതായി രജിസ്റ്ററിൽ ചേർത്തു കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| സ്ഥാപനത്തിന്റെ പേര് | വാർഡ് |
|---|---|
| BSNL മൂർക്കനാട് | 1 |
| വില്ലേജ് ഓഫീസർ | 2 |
| കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് | 2 |
| കരുവന്നൂർ സഹകരണ സൂപ്പർ മാർക്കററ് | 2 |
| KSEB ഇലക്ട്രിക്കൽ സബ് ഡിവിഷൻ | 2 |

| | |
|---|---|
| നീതി മെഡിക്കൽ സ്റ്റോർ | 6 |
| വില്ലേജ് ഓഫീസർ,മാടായിക്കോണം | 7 |
| ഗവ.ഹോമിയോ ഹെൽത്ത് സെന്റർ, കുഴിക്കാട്ടുകോണം | 9 |
| SPKCMMGUPS മാടായിക്കോണം. | 10 |
| പോലീസ് സ്റ്റേഷൻ | 11 |
| ഐവാൻ നിധി ലിമിറ്റഡ് | 12 |
| ആക്സിസ് ബാങ്ക് | 12 |
| റിലയൻസ് ജിയോ | 12 |
| മൾട്ടിപർപ്പസ് കോഓപ്പറേറ്റീവ് സൊസൈറ്റി | 14 |
| ഐ.സി.ടി.സി ജനറൽ ആശുപത്രി | 16 |
| സ്റ്റുഡന്റ്സ് പി.ജി സെന്റർ | 16 |
| ഐ.സി.ഐ.സി ഐ ബാങ്ക് | 16 |
| കാത്തലിക് സിറിയൻ ബാങ്ക് | 19 |
| HM ,എൽ.എഫ്.സി എൽ.പി സ്കൂൾ | 20 |
| സിൻഡിക്കേറ്റ് ബാങ്ക് | 22 |

മുഴുവൻ ജീവനക്കാരുടേയും തൊഴിൽ നികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ ഓൺലൈനായി അടവാക്കിയതുൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/01.02.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 കരാറുകാർ, അഭിഭാഷകർ, ഡോക്ടർമാർ ,മറ്റ് പ്രൊഫഷണലുകൾ -തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

**1. കരാറുകാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയിട്ടില്ല**

മുനിസിപ്പാലിറ്റി പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും മുനിസിപ്പാലിറ്റി പ്രദേശത്തിനുള്ളിലോ മുനിസിപ്പാലിറ്റി പ്രദേശത്ത് താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗംവഹിക്കുന്നതോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്.

അസി. എഞ്ചിനീയർ ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ പൂർത്തിയാക്കിയ താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/01.02.24) മറുപടി ലഭ്യമാക്കിയില്ല.

1.TDS ഇലക്ട്രിസിറ്റി (സ്ഥാപനം)

2.എം.ഐ.പോൾസൺ

3.ജോസ്.പി.സി

4.സുനിൽ കുമാർ.ടി.സി

5.ടോമി.ഐ.കെ

6.പ്രഭ സൗണ്ട് & ഇലക്ട്രിക്കൽ (സ്ഥാപനം)

7.നിധീഷ്.എൻ.എസ്

8.മുരളി.പി.എൻ

9.ബെന്നി സി.എ

10.പോളി.വി.ജെ

11.റോജോ ജോസ്

12..കെ.എ. ഗോപകുമാർ

13.സന്തോഷ്.ടി.സി

14.ബിൻസൺ ജോസഫ്

15.നിധീഷ്.എൻ.എസ്

16.സെർക്യൂട്ട് ടെക്നോളജി (സ്ഥാപനം)

17.ജോൺ ബോസ്കോ

18.നാരായണൻ. പി.ആർ

19.ഷാജു.സി.ജെ

20.ടി.പി ജോയ്

21. ബാബു.സി.എഫ്

22.ഡയറക്ടർ,CSRD, പുതുക്കാട്

**2. അഭിഭാഷകർ, ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന അഭിഭാഷകർ, ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.15 തിയതി 30.01.24)

**1-16 പെർമിറ്റ് ഫീസ് കുറവായി ഈടാക്കി**

മായാദേവി, വെമ്മനാട്ട് വീട് എന്നവർക്ക് BA-274/22-23, Dt.30.01.2023 നമ്പർ പെർമിറ്റ് പ്രകാരം 185.25$m^2$ വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയപ്പോൾ പെർമിറ്റ് ഫീസിനത്തിൽ വാണിജ്യകെട്ടിടത്തിന് 10/- രൂപ നിരക്കിൽ 1853/- രൂപ (185.25x10) ഈടാക്കേണ്ടതിന് പകരം 7/- രൂപ നിരക്കിൽ 1297/- (185.25x7) രൂപ മാത്രമാണ് രശീതി നം.122070-1156/30.01.2023 പ്രകാരം ഈടാക്കിയിട്ടുള്ളത്. പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന തുകയായ 556/- രൂപ (1853-1297) ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 25/31.01.2024)

## 1-17 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വിഭജിച്ച് നമ്പർ നൽകി കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം (7), ഉപചട്ടം (2) പ്രകാരം ഇരിങ്ങാലക്കുട നഗരസഭാ പ്രദേശത്ത് ബാധകമാകുന്ന വസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട് (കൗൺസിൽ തീരുമാനം നം. 27/27.12.2011). ഇത് പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 60/- രൂപ |
| 100 ച.മീറ്ററിന് മുകളിൽവരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 90/- രൂപ |
| 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 70/- രൂപ |
| 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 140/- രൂപ |

റെറ്റിൻജോസ് & റിയജോസ്, കാട്ടൂക്കുളം എന്നവരുടെ 255.82 $M^2$ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം വിഭജിച്ച് XIX/848 A, B, C ($78.84m^2$+$88.49m^2$+$88.49m^2$) എന്നീ നമ്പറുകൾ നൽകി വസ്തു നികുതി നിർണ്ണയിച്ചപ്പോൾ ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിൽ മാത്രമാണ് നികുതി കണക്കാക്കിയത്. വസ്തുനികുതി കണക്കാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം | ഈടാക്കിയ നിരക്ക് | ഈടാക്കിയ നികുതി (L.C, S.C കൂടാതെ) | 90/- രൂപ നിരക്കിലുള്ള നികുതി (L.C, S.C കൂടാതെ) |
|---|---|---|---|---|
| XIX/ 848A,B,C | 78.84+88.49+88.49 =255.82 $M^2$ | 60/$M^2$ | 78.48x60+20%<br>88.49x60+20%-5%<br>88.49x60+20%-5%<br>=17784 | 78.48x90+20%<br>88.49x90+20%-5%<br>88,49x90+20%-5%<br>=26634 |

100 ച.മീറ്ററിന് മുകളിൽവരെ തറ വിസ്തീർണ്ണമുള്ള ഷോപ്പുകൾക്ക് 90/- രൂപ നിരക്കിലാണ് വസ്തുനികുതി ഈടാക്കേണ്ടത്. കെട്ടിടം വിഭജിച്ച് നമ്പർ നൽകി 100 ച.മീറ്ററിന് താഴെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിൽ (60/- രൂപ) നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിരിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/01.02.2024 നുള്ള മറുപടിയിൽ കേരള മുനിസിപ്പാലിറ്റി ആക്ട് 2011 (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആകെ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ് എന്ന വ്യവസ്ഥ അടിസ്ഥാനമാക്കിയാണ് 60/- രൂപ നിരക്കിൽ ഈടാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്.

എന്നാൽ ഇതേ കാലയളവിൽ ഇത്തരത്തിൽ വിഭജിച്ച് നമ്പർ നൽകിയ പല കെട്ടിടങ്ങൾക്കും 90/- രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

മേൽ ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക്

I) പാർപ്പിട ആവശ്യത്തിനായി ഉപയോഗിക്കുന്നവ

Ii) വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ

Iii) വിദ്യാലയങ്ങൾക്കോ ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ

Iv) അമ്യൂസ്മെന്റ് പാർക്ക്, മൊബൈൽ ടവർ

V) വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നവ

Vi) മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ

Vii) സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും ഇനം കെട്ടിടങ്ങൾ, ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതാത് കെട്ടിട ഭാഗങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത

ഉപയോഗക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. തക്കതായ കാരണങ്ങളില്ലാതെ ചട്ടവിരുദ്ധമായി ഒരേ ഉപയോഗക്രമത്തിനുള്ള കെട്ടിടത്തിലെ വ്യത്യസ്ത മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ അനുവദിക്കുകയും ടി കെട്ടിടത്തെ ഒരു കെട്ടിടം എന്ന രീതിയിൽ പരിഗണിക്കാതെ ഓരോ കെട്ടിട നമ്പറിനും ബാധകമായ വിസ്തീർണ്ണമനുസരിച്ച് നികുതി നിരക്ക് നിശ്ചയിക്കുന്നത് മൂലം നഗരസഭയുടെ തനത് വരുമാനത്തിൽ കുറവ് വരുന്നതിന് കാരണമാകുന്നു. ഇക്കാര്യത്തിൽ ഭരണസമിതി പൊതുവായ ഉചിത തീരുമാനം എടുക്കേണ്ടതാണ്.

## 1-18 അനധികൃത കെട്ടിടങ്ങൾ - വസ്തു നികുതി അടവാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചുപ്രകാരം അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കാതെ വൻകുടിശ്ശിക വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പേര് | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തരം | വാർഷിക നികുതി | കുടിശ്ശിക വർഷം | കുടിശ്ശിക തുക (2023 I&II ഉൾപ്പടെ) | കുറിപ്പ് |
|---|---|---|---|---|---|---|
| മേരി വർഗ്ഗീസ്, എടപ്പുള്ളി വീട് | XXIII/ 550A1(UA) | വാണിജ്യം | 189753 | 2015-II മുതൽ | 14,74,405 | |
| പി.കെ.തോമസ്, പുന്നേലിപറമ്പിൽ | XII/ 405C(UA) | ഗോഡൗൺ | 70115 | 2017 മുതൽ | 3,03,186 | WP(C)70547/19 ആയി ഹൈക്കോടതിയിൽ കേസുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| | XII/ 405D(UA) | | 136280 | | 5,03,075 | |
| | XII/ 405A(UA) | | 71318 | | 2,63,274 | |
| | XII/ 405B(UA) | | 140765 | | 9,10,161 | |
| | XII/ 405E(UA) | | 145694 | | 5,37,825 | |
| തോമസ്‌ലി, എടപ്പുള്ളി വീട് | XX/ 42-1(UA) | വാണിജ്യം | 70419 | 2019 മുതൽ | 3,32,850 | RR നടപടി സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| എ.പി.ജോർജ്ജ്, ആലങ്ങാടൻ വീട് | XII/ 629-1(UA) | ഗോഡൗൺ | 125826 | 2014 മുതൽ | 11,41,806 | - |
| സുരേഷ്കുമാർ, കല്ലട വീട് | XXIII/ 308A(UA) | ഓഫീസ് | 92089 | 2015 മുതൽ | 7,51,051 | WP(C)193/20 ആയി ഹൈക്കോടതിയിൽ കേസുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| | XXIII/ 308B(UA) | | 42399 | | 2,66,911 | |
| മാത്യു, കൊടിയൻ വീട് | XI/ 534B(UA) | ഗോഡൗൺ | 401111 | 2017-II മുതൽ | 23,66,514 | - |

മേൽ സൂചിപ്പിച്ച വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും രേഖകൾ പരിശോധിച്ച് കുടിശ്ശികയായിട്ടുള്ള മുഴുവൻ വസ്തു നികുതിയും ഈടാക്കേണ്ടതുമാണ്. അതോടൊപ്പം കേസ്, ആർ.ആർ നടപടികളുടെ തുടർ വിവരം അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം. 48/02.02.2024)

## 1-19 അനധികൃത കെട്ടിടങ്ങൾ - വിവരങ്ങൾ അപൂർണ്ണം

I) UA രജിസ്റ്റർ പരിശോധിച്ചതിൽ മുഴുവൻ വിവരങ്ങളും പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) VII/98E(UA) - ദേവമാത പ്രൊവിൻസ്, ഇരിങ്ങാലക്കുട എന്ന കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല. ഈ കെട്ടിടത്തിന് പുതിയ നമ്പർ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.

2) XI/534A(UA) - ജിനിറ്റ് മാത്യു, കൊടിയൻ വീട് എന്നവരുടെ കെട്ടിടത്തിന് 2020 രണ്ടാം അർദ്ധവർഷം വരെ നികുതി അടച്ചതായി സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020 രണ്ടാം അർദ്ധവർഷം മുതൽ സഞ്ചയയിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ കെട്ടിടം ക്രമവൽക്കരിച്ചതായി രേഖപ്പെടുത്തിയിട്ടുമില്ല. സഞ്ചയ പ്രകാരമുള്ള

അർദ്ധവാർഷിക നികുതി 46641/- രൂപയാണ്.

3) XXIV/393-4(UA) – സണ്ണി സിൽക്സ് എന്ന സ്ഥാപനത്തിന്റെ 231.04 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് വാർഷിക നികുതി 51468/- രൂപ എന്ന് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ ഈ കെട്ടിടം ഉൾപ്പെട്ടിട്ടില്ല.

4) XXII/309-A1(UA) – ശശികുമാർ, ശശിധരൻ, ആണക്കപ്പറമ്പിൽ വീട് എന്നവരുടെ കെട്ടിടം റഗുലറൈസ് ചെയ്ത് ഉടമസ്ഥാവകാശം കൈമാറ്റിയതായി രജിസ്റ്ററിൽ പെൻസിൽ മുഖേന രേഖപ്പെടുത്തിയിരിക്കുന്നു. ഇത് ആധികാരികമായി രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) VII/362-A1(UA) – മാനേജിംഗ് ട്രസ്റ്റി, ക്രൈസ്റ്റ് എജ്യൂക്കേഷണൽ ട്രസ്റ്റ് എന്ന 1847 $M^2$ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് വാർഷിക നികുതി 99738/- രൂപ എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല. ഈ കെട്ടിടത്തിന് പുതിയ നമ്പർ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.

6) XXIII/469-B1(UA) എന്ന കെട്ടിടത്തിന് താൽക്കാലിക നമ്പറായി XXIII/495(1) എന്ന് നൽകി 6 മാസക്കാലത്തേക്ക് നികുതി ചുമത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

അനധികൃത കെട്ടിടങ്ങളുടെ മുഴുവൻ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും മേൽ അപാകതകൾ പരിശോധിച്ച് കൃത്യമായി വിവരം അറിയിക്കേണ്ടതുമാണ്.

III) വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 20(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 406-ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാകേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന്, മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകുവാൻ പാടുള്ളതല്ല.

UA രജിസ്റ്റർ പ്രകാരം ഭൂരിഭാഗം കെട്ടിടങ്ങളും വ്യാപാര വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അനധികൃത കെട്ടിടങ്ങൾ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിക്കുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 48/02.02.2024)

## 1-20 വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

I) നഗരസഭാകാര്യാലയത്തിന്റെ പരിധിയിൽ വരുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കുടിശ്ശികയുള്ള വർഷം | കുടിശ്ശിക |
|---|---|---|---|
| 1 | 12/794/A(UA) | 2019-20 മുതൽ | 260852 |
| 2 | 19/178/D1(UA) | 2022-23 മുതൽ | 92250 |
| 3 | 20/66M(1)/UA) | 2021-22മുതൽ | 96762 |
| 4 | 23/520/2 | 2020-21 മുതൽ | 31683 |
| 5 | 26/99A | 2012-13 മുതൽ | 128757 |
| 6 | 27/231/3(UA) | 2017-18 മുതൽ | 346185 |

II) നഗരസഭ സോണൽ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം | കുടിശ്ശികയുള്ള വർഷം | കുടിശ്ശിക |
|---|---|---|---|
| 1 | 1/364/A(UA) | 2018-19 മുതൽ | 83622 |
| 2 | 2/366/G1(UA) | 2018-19 മുതൽ | 89593 |
| 3. | 5/155/C1(UA) | 2020-21 മുതൽ | 52089 |
| 4. | 7/478/A1(UA) | 2019-20 മുതൽ | 398329 |
| 5. | 7/480/(UA) | 2017-18 മുതൽ | 546561 |
| 6. | 8/269/A | 2021-22 മുതൽ | 59099 |
| 7 | 37/155A | 2022-23 മുതൽ | 18589 |

III) വാർഷിക കണക്ക് പ്രകാരം വസ്തുനികുതിയിനത്തിൽ വൻകുടിശ്ശികയുള്ളതായി കാണുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കറന്റ് | 47480131 | 41005237 | 6690101 |
| അരിയർ | 32380156 | 3343560 | 21299770* |

*അരിയർ കുടിശ്ശികയിലെ ബാലൻസ് ഗണിതക്രിയ പ്രകാരം പൊരുത്തപ്പെടുന്നില്ല. ആയത് പരിശോധിക്കേണ്ടതാണ്. വസ്തുനികുതിയിനത്തിലെ മുഴുവൻ കുടിശ്ശികയും പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 49/02.02.2024)

## 1-21 വിനോദനികുതി- ഇ ടിക്കറ്റിംഗ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

04.01.2020 തീയതിയിലെ സ.ഉ.(സാധാ) നം. 101/2020/ത.സ്വ.ഭ.വ പ്രകാരം തീയറ്ററുകളിൽ ഇ-ടിക്കറ്റിംഗ് നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം സർക്കാരിന്റെ ഇ-ടിക്കറ്റിംഗ് സോഫ്റ്റ് വെയറിലൂടെ വിൽപ്പന നടത്തുന്ന ടിക്കറ്റുകളുടെ ഡെയിലി കളക്ഷൻ റിപ്പോർട്ട് (ഡി.സി.ആർ) ഉൾപ്പെടെയുള്ള വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈനായി കൈമാറേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പ്രകാരം ഇ-ടിക്കറ്റിംഗ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭയുടെ ഭാഗത്ത് നിന്നും നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. വാർഷിക കണക്ക് പ്രകാരവും രജിസ്റ്റർ പ്രകാരവും വിനോദ നികുതിയിനത്തിൽ 3011883/- രൂപയാണ് ഡിമാന്റ് & കളക്ഷൻ ആയി രേഖപ്പെടുത്തിയിരിക്കുന്നത്. രജിസ്റ്റർ പ്രകാരം ചെമ്പകശ്ശേരി മൂവീസ്, മാസ് മൂവീസ്, വർണ്ണ തിയറ്റർ എന്നീ തിയറ്ററുകളിൽ നിന്നുമാണ് വിനോദ നികുതി ഈടാക്കിയിരിക്കുന്നത്. ആയതിൽ മാസ് മൂവീസ്, വർണ്ണ തിയറ്റർ (ജനുവരി 23 മുതൽ) എന്നിവയിൽ നിന്നുള്ള റിട്ടേണുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെമ്പകശ്ശേരി മൂവീസിൽ നിന്നും ഏപ്രിൽ 22,മെയ് 22,ജൂൺ22, ഫെബ്രുവരി 23, മാർച്ച്23 എന്നീ മാസങ്ങളിലെ റിട്ടേണുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തിയറ്റർ ലഭ്യമാക്കുന്ന റിട്ടേണുകളുടെ ആധികാരികത പരിശോധിക്കാൻ നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. ആയതിനാൽ വിനോദനികുതി പിരിവിന്റെ കൃത്യത പരിശോധിക്കുന്നതിന് ഓഡിറ്റിൽ സാധിച്ചിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ -23/31.01.24)

## 1-22 ഡെപ്പോസിറ്റ് തുകയിന്മേൽ വാണിജ്യ കെട്ടിടമുറികളുടെ ലേലം നടത്തി.

2000ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം 11 പ്രകാരം വാടകയ്ക്ക് കൊടുക്കൽ പരസ്യലേലം വഴിയോ ടെണ്ടർ വഴിയോ ആയിരിക്കേണ്ടതാണ്. ആയതിനാൽ വാടകയ്ക്ക് കൊടുക്കുന്നത് ലേലം ചെയ്യുമ്പോൾ ലേലം വാടകയിൻമേലായിരിക്കേണ്ടതാണ്.

നിക്ഷേപം സ്വീകരിക്കൽ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ അത് ഈടാക്കുന്നതിനുള്ള കരുതൽ ആയിട്ടാണ് കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 215 (8) ൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ സാമ്പത്തിക വർഷം നഗരസഭയിൽ മുറികൾ ലേലം ചെയ്തപ്പോൾ ഡെപ്പോസിറ്റ് തുകയിന്മേലാണ് ലേലം വിളിച്ചിട്ടുള്ളത്. 30.06.22 തിയതിയിലെ ലേല നടപടികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേല തിയതി, തീരുമാനം | മുറി നമ്പർ, ലേലം കൊണ്ട വ്യക്തി | നഗരസഭ നിശ്ചയിച്ച ഡെപ്പോസിറ്റ് തുക | ലേലം വിളിച്ച ഡെപ്പോസിറ്റ് തുക | പ്രതിമാസ വാടക |
|---|---|---|---|---|---|
| 1 | 30/06/2022ന് നടന്ന പൊതു ലേലം, നഗരസഭാ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 24/08/22ലെ 14-ാം നമ്പർ തീരുമാനം 15.09.22ലെ ബഹു.ചെയർപേഴ്സന്റെ മുൻകൂർ അനുമതി | മോഡേൺ ഹൈജീനിക്ക് ഫിഷ് മാർക്കറ്റ് XIX/691 (E) ബിനോയ് വി വേലംപറമ്പിൽ | 250000 | 251500 | 3000 |
| 2 | | മാപ്രാണം ഷോപ്പിംഗ് കോംപ്ലക്സ് X/481 സതീഷ്കുമാർ, കിഴക്കൂട്ട് | 100000 | 100500 | 2000 |
| 3 | | മാപ്രാണം | 100000 | 100500 | 2500 |

| | | | | | |
|---|---|---|---|---|---|
| | | ഷോപ്പിംഗ് കോംപ്ലക്സ് X/485 ഷിജു വി എസ്, വാഴേക്കാടൻ | | | |
| 4 | | മാപ്രാണം ഷോപ്പിംഗ് കോംപ്ലക്സ് X/494 മധു പി, കാർത്തിക ഹൗസ് | 125000 | 200500 | 3000 |
| 5 | | മാപ്രാണം ഷോപ്പിംഗ് കോംപ്ലക്സ് X/499 കണ്ണൻ എ, ആമല്ലൂർ ഹൗസ് | 100000 | 100700 | 2500 |
| 6 | | കസ്തൂർബ ഷോപ്പിംഗ് കോംപ്ലക്സ് XXII/692M(SC/ST) സരള സി എ | 12000 | 13000 | 4000 |
| 7 | | കസ്തൂർബ ഷോപ്പിംഗ് കോംപ്ലക്സ് XXII/692(9)SC/ST സരള സി എ | 9000 | 10000 | 3000 |
| 8 | | കിഴക്കേ മാർക്കറ്റ് സ്റ്റാൾ XIX/727 സുബൈദ കബീർ, കളക്കാട്ട് | 100000 | 100500 | 2200 |

സാമ്പത്തിക വർഷം നഗരസഭയിൽ മുറികൾ ലേലം ചെയ്യുപ്പോൾ വാടകതുകയിന്മേൽ ലേലം വിളിക്കുന്നതിനു പകരം ഡെപ്പോസിറ്റ് തുകയിന്മേലാണ് ലേലം വിളിച്ചിട്ടുള്ളത്. 30.06.22 തിയതിയിൽ മുറികൾ ലേലം ചെയ്തതിന് 24.08.22ൽ ലെ 14/1 നമ്പറായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ച് തീരുമാനമെടുത്തിട്ടുണ്ട്. 15.09.22ൽ ബഹു. ചെയർപേഴ്സൻ മുൻകൂർ അനുമതി നൽകിയിട്ടുണ്ട്. ലേല നടപടികൾക്ക് 12.10.2022 തിയ്യതിയിലെ 16/1 നമ്പർ തീരുമാനപ്രകാരം കൗൺസിൽ സാധൂകരണം നൽകിയിട്ടുണ്ട്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 30, തിയതി. 01.02.23) വാടക തുകയിന്മേൽ ലേലം വിളിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

**1-23 ഒഴിഞ്ഞു കിടക്കുന്ന ഷോപ്പിങ്ങ് കോംപ്ലക്സ് മുറികൾ- വാടകയ്ക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.**

വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ വാണിജ്യ കെട്ടിടമുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഷോപ്പിങ്ങ് കോംപ്ലക്സ്/ മാർക്കറ്റ് സ്റ്റാളുകൾ | കെട്ടിട നമ്പർ |
|---|---|---|
| 1 | കസ്തൂർബ ഷോപ്പിംഗ് കോംപ്ലക്സ് | 22/692B |
| 2 | | 22/692D |
| 3 | | 22/692G |
| 4 | | 22/692K |
| 5 | | 22/692S |
| 6 | | 22/692W |
| 7 | | 22/692Y |
| 8 | | 22/692Z |
| 9 | | 22/692/1 |
| 10 | | 22/692/2 |
| 11 | | 22/692/3 |
| 12 | | 22/692/7 |
| 13 | | 22/692/8 |
| 14 | റാണാ ഷോപ്പിംഗ് കോംപ്ലക്സ് | 16/877 |
| 15 | | 16/878 |
| 16 | | 16/881 |
| 17 | | 16/883 |
| 18 | | 16/891 |
| 19 | | 16/893 |
| 20 | | 16/894 |
| 21 | | 16/895 |
| 22 | | 16/896 |
| 23 | | 16/897 |
| 24 | | 16/898 |
| 25 | മോഡേൺ ഫിഷ് മാർക്കറ്റ് സ്റ്റാളുകൾ | 19/691/1 |
| 26 | | 19/691/2 |
| 27 | | 19/692/3 |
| 28 | | 19/692/4 |
| 29 | | 19/692/5 |
| 30 | | 19/692/6 |
| 31 | | 19/692/7 |
| 32 | | 19/692/8 |
| 33 | | 19/692/9 |
| 34 | | 19/692/10 |
| 35 | | 19/692/11 |
| 36 | | 19/692/12 |
| 37 | | 19/692/13 |
| 38 | | 19/692/14 |
| 39 | | 19/692/16 |

| | |
|---|---|
| 40 | 19/692/17 |
| 41 | 19/692/18 |
| 42 | 19/692/19 |
| 43 | 19/692/20 |
| 44 | 19/692/22 |
| 45 | 19/692/23 |
| 46 | 19/692/24 |
| 47 | 19/692/25 |
| 48 | 19/692/26 |
| 49 | 19/692/27 |
| 50 | 19/692/28 |

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഒഴിവുള്ള കട മുറികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക കുറവ് ചെയ്ത് പലതവണ ലേലം/ പുനർലേലം നടത്തിയിട്ടും ലേലത്തിൽ പോയില്ലായെന്നും, ലേലത്തിൽ പോകാത്ത സാഹചര്യത്തിൽ കസ്തൂർബാ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നവീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി നമ്പർ. 18, തിയതി. 30.01.24) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ മുഴുവനും വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-24 കുത്തക ലേലം- ലേലം വിളിച്ചവർ നഗരസഭയുമായി കരാർ ചമച്ചില്ല.**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ ഉപയോഗിക്കുന്നതിന് ലേലം ചെയ്തു നൽകുമ്പോൾ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 215(3) പ്രകാരം എല്ലാ ലൈസൻസികളും ഫീസിന്റെ നിരക്ക്, അടവാക്കേണ്ട സമയം എന്നിവ സംബന്ധിച്ച് മുദ്രപത്രത്തിൽ കരാറിലേർപ്പെടേണ്ടതാണ്.

നഗരസഭാ വസ്തുവകകൾ 22-23 വർഷത്തേക്ക് പൊതുലേലം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | കൗൺസിൽ നിശ്ചയിച്ച നിരക്ക് | ലേലം/ ടെണ്ടർഉറപ്പിച്ച തുക | ഉയർന്ന തുകയ്ക്ക് ലേലം വിളിച്ച/ ടെണ്ടർ സമർപ്പിച്ച ആൾ | ലേലം/ ടെണ്ടർ അംഗീകരിച്ച കൗൺസിൽ തീരുമാനം |
|---|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ഫീസ് പിരിവ് | 800000 | 801100 | ആന്റോ മാമ്പിള്ളി, ഇരിഞ്ഞാലക്കുട | 20.04.22 ലെ 7/1 |
| 2 | കിഴക്കേ മാർക്കറ്റ് ഫീസ് | 72450 | 72500 | ജോർജ്ജ്, ആഴ്ച്ചങ്ങാടൻ | 22.03.22 ലെ 34/1 |
| 3 | പടിഞ്ഞാറേ മാർക്കറ്റ് ഫീസ് | 95450 | 95950 | ജോർജ്ജ്, ആഴ്ച്ചങ്ങാടൻ | 22.03.22 ലെ 34/1 |
| 4 | ഗാന്ധിഗ്രാം ഗ്രൗണ്ട് ഫീസ് | 122430 | 101000 | ഷിനോസ്,പന്തപ്പറമ്പിൽ | 20.04.22 ലെ 7/1 |
| 5 | സോഡിയം വേപ്പർ ലാമ്പ് പോസ്റ്റുകളിൽ പരസ്യം പതിയ്ക്കൽ | 773300 | 400000 | ഷാനി ജോൺസൺ,നടയിക്കലാൻ | 21.04.22 ലെ 7/1 |
| 6 | ബസ് സ്റ്റാന്റ് ചുമരുകളിൽ പരസ്യം പതിയ്ക്കൽ | 430100 | 120000 | ഷാനി ജോൺസൺ, നടയിക്കലാൻ | 21.04.22 ലെ 7/1 |

| | | | | | |
|---|---|---|---|---|---|
| 7 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് | 850000 | 725000 | സിന്ധു രവി, മുത്രത്തിപ്പറമ്പിൽ | 22.03.22 ലെ 34/1 |

മേൽ പറഞ്ഞവരുമായി നഗരസഭ ചമച്ച കരാർപത്രങ്ങൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നമ്പർ 47, തിയതി. 02.02.24) നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല. നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതും കരാർപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-25 വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ലഭ്യമായ മണ്ണ്-ലേലനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഫയൽ നമ്പർ-PW1-2474/22(f)

ഇരിഞ്ഞാലക്കുട നഗരസഭ വാർഡ് 34ൽ പ്രൊജക്ട് നമ്പർ 574/21 – ചക്കുങ്ങൽ റോഡ് അഴുക്കുചാൽ നിർമ്മാണം എന്ന പ്രവൃത്തിയിൽ Drain Excavation ചെയ്തതിൽ ലഭ്യമായ 16.3m3 മണ്ണ് ലേലം ചെയ്യുന്നതിനായി വാല്വേഷൻ 300രൂപ നിരക്കിൽ 4890 രൂപയായി കണക്കാക്കിയതിന് 18.03.22 തിയതിയിലെ പൊതുമരാമത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റി 8ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2) ഫയൽ നമ്പർ-PW1-2474/22(g)

ഇരിഞ്ഞാലക്കുട നഗരസഭ വാർഡ് 34ൽ പ്രൊജക്ട് നമ്പർ 425/21- ചക്കുങ്ങൽ റോഡ് ഇംപ്രൂവ്മെന്റ് എന്ന പ്രവൃത്തിയിൽ Drain Excavation ചെയ്തതിൽ ലഭ്യമായ 103.091m3 മണ്ണ് ലേലം ചെയ്യുന്നതിനായി വാല്വേഷൻ 300രൂപ നിരക്കിൽ 30927 രൂപയായി കണക്കാക്കിയതിന് 18.03.22 തിയതിയിലെ പൊതുമരാമത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റി 7ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.
മേൽ പറഞ്ഞ വാല്വേഷൻ നിശ്ചയിച്ച മണ്ണിന് പൊതുമരാമത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായെങ്കിലും കൗൺസിൽ തീരുമാനം ലഭ്യമാക്കി ലേലം ചെയ്തു നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

മണ്ണ് ലേലം നടത്തി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ- 45,തിയതി. 02.02.24)

## 1-26 ബൈലോകൾക്ക് നാളിതുവരെ സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ കൗൺസിൽ മിനിറ്റ്സ് പ്രകാരം ബൈലോകളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.
1) 05/09/2022 ലെ 8-ാം നമ്പറായി ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി അംഗീകരിച്ച നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ വാണിജ്യ കെട്ടിടമുറികൾ ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുന്നതും, ഉപയോഗിക്കുന്നതും, ഒഴിയുന്നതും സംബന്ധിച്ച വ്യവസ്ഥകൾ അടങ്ങിയ കരട് ബൈലൊ 22.10.22 തിയതിയിലെ ഭരണസമിതി യോഗത്തിലെ 14/1 നമ്പർ തീരുമാന പ്രകാരം പൊതുജനങ്ങളുടെ അറിവിലേക്ക് പ്രസിദ്ധീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

2) മോഡേൺ ഹൈജിനിക് ഫിഷ് മാർക്കറ്റ് സ്റ്റാളുകൾ ലേലം ചെയ്യുന്നതും, ഉപയോഗിക്കുന്നതും, പരിപാലിക്കുന്നതും സംബന്ധിച്ച കരട് ബൈലോയിൽ മാർക്കറ്റിന്റെ 5 കി. മീ. ചുറ്റളവിൽ സ്വകാര്യ ഫിഷ് സ്റ്റാളുകൾ അനുവദനീയമല്ല എന്ന വ്യവസ്ഥ ഒഴിവാക്കുന്നതിനും, ഫിഷ് മാർക്കറ്റ് സ്റ്റാളുകൾ ലേലത്തിൽ പോകാതെ കിടക്കുന്നത് നഗരസഭയ്ക്ക് ആസ്തി നഷ്ടവും വരുമാന നഷ്ടവും ഉണ്ടാക്കുന്നതിനാൽ തീരദേശ വികസന അതോറിറ്റി കൈമാറിയ ടി കെട്ടിടത്തിൽ മത്സ്യകച്ചവടത്തിൻറെ കൂടെ മാർക്കറ്റ് സ്റ്റാളുകളിൽ മാംസവിൽപന കൂടി നടത്തുന്ന വ്യവസ്ഥയും, XIX/691(C) നമ്പർ ഹോൾസെയിൽ സ്റ്റാൾ എസ്. സി. സംവരണം ചെയ്യുന്നതുമായി ബൈലോയിൽ ഭേദഗതി വരുത്തി കരട് ബൈലോ 30.12.22 തിയതിയിൽ 1/1 നമ്പറായി ഭരണസമിതി അംഗീകരിച്ച് തീരുമാനമെടുത്തിട്ടുണ്ട്.

3) നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുനിസിപ്പൽ മൈതാനം, കണ്ടാരംതറ മൈതാനം, പൊറത്തിശ്ശേരി തളിയക്കോണം ബാപ്പുജി സ്റ്റേഡിയം എന്നിവ ഉപയോഗിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള കരട് ബൈലോ, മൈതാനത്ത് ടിക്കറ്റ് വെച്ച് നടത്തുന്ന പരിപാടികൾക്ക് ഷോ ടാക്സ് ഈടാക്കണം എന്ന ഭേദഗതിയോടെ 10/10/22 ലെ 5-ാം നമ്പറായി ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി അംഗീകരിക്കുകയും 22.10.22 തിയതിയിലെ ഭരണസമിതി യോഗത്തിലെ 6/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് പൊതുജനങ്ങളുടെ അറിവിലേക്ക് പ്രസിദ്ധീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.
മേൽ പറഞ്ഞ കൗൺസിൽ അംഗീകരിച്ച ബൈലോകൾ സർക്കാർ അംഗീകൃതമാക്കുന്നതിന് നഗരസഭ നടപടിയൊന്നും എടുത്തിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 572 പ്രകാരം സർക്കാർ അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നതു വരെ ബൈലോകളോ ചട്ടങ്ങളോ അവയുടെ ഏതെങ്കിലും റദ്ദാക്കലോ മാറ്റമോ പ്രാബല്യത്തിൽ വരില്ല എന്നത് വ്യക്തമാണ്. നാളിതുവരെ നഗരസഭ വസ്തുവകകളിൽ നിന്നും വാടക/ഫീസ് ഈടാക്കിയിരിക്കുന്നത് അംഗീകൃത ബൈലോയുടെ അഭാവത്തിലാണ്. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്നതിന്റെ കൃത്യത,

അഡ്വാൻസ്,ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്.ബൈലോകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 19,തിയതി. 30.01.24)

**1-27 പഴയ യു പി എസ് ബാറ്ററികളുടെ ലേലം- തുക ബാധ്യത ശീർഷകത്തിൽ ഈടാക്കി.**

ഫയൽ നമ്പർ- PC2- 13709/21

നഗരസഭയിൽ 14/10/2022 ന് കൌൺസിൽ, ജനസേവനകേന്ദ്രത്തിലെ പഴയ 16 ബാറ്ററികളുടെ ലേലം നടത്തുകയും, ആയതിൽ ലേലം വിളിച്ച 4 പേരിൽ 20000/- രൂപ വിളിച്ച ശ്രീ. പ്രതീഷ് അബ്രഹാം, കുളിയാടൻ എന്നവരുടെ പേരിൽ ലേലം ഉറപ്പിക്കുകയും ചെയ്തിട്ടുള്ളത് 21.11.22 തിയതിയിലെ 14/1 നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ടിയാനിൽ നിന്നും 14.10.22 തിയതിയിൽ 01/122160109529 നമ്പർ രസീതു പ്രകാരം ലേലതുകയായ 20000 രൂപ ഈടാക്കിയിട്ടുള്ളത് ലേല ഡെപ്പോസിറ്റ് ബാധ്യതാ ശീർഷകത്തിലാണ്. തുക വരവ് ശീർഷകത്തിലേക്ക് ക്രമീകരിക്കേണ്ടതാണ്.

**1-28 അമൃതം ഫുഡ് സപ്ലിമെന്റ് വിതരണക്കാരനിൽ നിന്നും ജി എസ് ടി- ടി ഡി എസ് ഈടാക്കിയില്ല.**

പ്രോജക്ട് നം. - 15/23 അങ്കണവാടി പോഷകാഹാരം
നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ചെലവ്

വികസന ഫണ്ട് (ജനറൽ) - ₹1499811
ധനകാര്യ കമ്മീഷൻ അവാർഡ് - ₹ 2912931
കേന്ദ്രാവിഷ്കൃത ഫണ്ട് - ₹36058

മേൽ പ്രോജക്ട് പ്രകാരം അമൃതം ഫുഡ് സപ്ലിമെന്റ്, മാടായിക്കോണം, പി.ഒ.മാപ്രാണം, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം ന്യൂട്രിമിക്സ്, കുമാരി പ്ലസ്, പോഷകം പൊടി എന്നീ ഉൽപ്പന്നങ്ങൾ 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നം | ഉത്പന്നം | ഇൻവോയ്സ് നം. | തിയതി | നികുതി ഒഴികെയുള്ള തുക | CGST@ 2.5% | SGST @ 2.5% | നികുതി ഉൾപ്പെടെയുള്ള തുക | വൗച്ചർ നം/ തിയതി |
|---|---|---|---|---|---|---|---|---|
| 1 | ന്യൂട്രിമിക്സ്, കുമാരി പ്ലസ്, പോഷകം പൊടി | 339 | 04.03.22 | 204100 | 5103 | 5103 | 214306 | 22201283/ 19.07.22 |
| 2 | ,, | 341 | 14.03.22 | 127900 | 3198 | 3198 | 134296 | |
| 3 | ,, | 345 | 21.07.22 | 144410 | 3610.25 | 3610.25 | 151630.5 | 22200757/ 31.10.22 |
| 4 | ,, | 349 | 30.07.22 | 208030 | 5200.75 | 5200.75 | 218431.5 | |
| 5 | ,, | 355 | 05.09.22 | 204530 | 5114 | 5114 | 214758 | |
| 6 | ,, | 356 | 17.09.22 | 111450 | 2787 | 2787 | 117024 | |
| 7 | ,, | 364 | 10.10.22 | 192790 | 4820 | 4820 | 202430 | |
| 8 | ,, | 365 | 14.10.22 | 111450 | 2787 | 2787 | 117024 | |
| 9 | ,, | 372 | 10.11.22 | 188650 | 4717 | 4717 | 198084 | 22201934/ 31.03.23 |
| 10 | ,, | 375 | 23.11.22 | 117540 | 2939 | 2939 | 123418 | |
| 11 | ,, | 380 | 09.12.12 | 166090 | 4153 | 4153 | 174396 | 22201616/ 03.01.23 |
| 12 | ,, | 383 | 22.12.22 | 114895 | 2813 | 2813 | 120521 | |
| 13 | ,, | 391 | 16.01.23 | 190175 | 4755 | 4755 | 199685 | 22201936/ 31.03.23 |
| 14 | ,, | 394 | 25.01.23 | 104880 | 2622 | 2622 | 110124 | |
| 15 | ,, | 399 | 14.02.23 | 189330 | 4733.25 | 4733.25 | 198796.5 | 22201986/ 31.03.23 |
| 16 | ,, | 402 | 24.02.23 | 91480 | 2287 | 2287 | 96054 | |
| 17 | ,, | 408 | 07.03.23 | 184365 | 4609.125 | 4609.125 | 193583.25 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ആകെ | | | | 2652065 | 66248.325 | 66248.325 | 2784561.75 | |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷമോ, അതിൽ കൂടുതലോ ഉള്ള ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം അമൃതം ഫുഡ് സപ്ലിമെന്റ്, മാടായിക്കോണം, പി.ഒ.മാപ്രാണം, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ന്യൂട്രിമിക്സ്, പോഷകം പൊടി, കുമാരി പ്ലസ് എന്നീ ഉൽപ്പന്നങ്ങൾ വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കായിട്ടില്ലാത്തതാണ്. ഭാവിയിൽ ഈ സ്ഥാപനത്തിൽ നിന്നുമുള്ള വാങ്ങലുകളിൽ ജിഎസ്റ്റി ടിഡിഎസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.18,തിയതി.30.01.24).

## 1-29 ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - 295316/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെൽത്ത് സൂപ്പർവൈസർ
പ്രൊജക്ട് നം. 56/23 – വിൻഡ്രോ പ്ലാന്റ് മാനേജ്മെന്റ് ഔട്ട് സോഴ്സിംഗ്
അടങ്കൽ – 296673/-, ചെലവ് – 295316/- (വികസന ഫണ്ട് – ജനറൽ)
വൗച്ചർ നമ്പർ – 22201424/26.05.2022, തുക – 295316/-

ഫയലും അനുബന്ധ രേഖകളും പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 2,95,316/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 5/27.01.2024)

## 1-30 കിണർ റീചാർജ്ജിങ്ങ് പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ - 783677/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെൽത്ത് സൂപ്പർവൈസർ
പ്രൊജക്ട് നം. 57/23 – കിണർ റീചാർജ്ജിങ്ങ്
അടങ്കൽ – 1071983/-, ചെലവ് – 783677/- (നഗരസഞ്ചയം)
BRN No.222301470028003O6186/13.07.2022, തുക – 96,203/- (13 പേർക്ക് തുക നൽകി)
BRN No.2223014700280O487982/31.08.2022, തുക – 2,47,734/- (33 പേർക്ക് തുക നൽകി)
BRN No.2223014700280l193222/15.02.2023, തുക – 76,320/- (10 പേർക്ക് തുക നൽകി)
BRN No.22230147002801424774/21.03.2023, തുക – 3,63,420/- (48 പേർക്ക് തുക നൽകി)

പ്രൊജക്ടിലെ അപാകതകൾ താഴെ ചേർക്കുന്നു
1) സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി) നം. 1808/2019/LSGD, തീ.21.08.2019, തൃശ്ശൂർ ജില്ലാ കളക്ടറുടെ 05.03.2019 ലെ ഉത്തരവ് നം. 2607/2018/ഡി.ഡി/ഡി.പി.എം, ഇരിങ്ങാലക്കുട നഗരസഭ കൗൺസിലിന്റെ 24.01.2022 തീയതിയിലെ 23-ാം നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഇരിങ്ങാലക്കുട നഗരസഭ കൗൺസിലിനു വേണ്ടി ഹെൽത്ത് സൂപ്പർവൈസറും മഴപ്പൊലിമ എന്ന ഏജൻസിയ്ക്കു വേണ്ടി ഡയറക്ടറും തമ്മിൽ 2022 ഒക്ടോബർ 20-ാം തീയതി കരാറിലേർപ്പെട്ടിരുന്നു. കരാറിലെ 3-ാമത്തെ വ്യവസ്ഥ പ്രകാരം, ***"നഗരസഭ എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ വാല്യൂവേഷൻ പ്രകാരമുള്ള തുകയുടെ ഗുണഭോക്തൃവിഹിതം 10% ഒഴികെയും GST/IT 2% കിഴിവ് ചെയ്തും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക ക്രെഡിറ്റ് ചെയ്യുന്നതാണ്. ഗുണഭോക്താക്കൾ നഗരസഭ ക്രെഡിറ്റ് ചെയ്ത തുകയും ഗുണഭോക്തൃവിഹിതമായ (വാല്യൂവേഷൻ തുകയുടെ 10%) തുകയുമുൾപ്പെടെ ഓഫീസ് അംഗീകരിച്ച വിദഗ്ദതൊഴിലാളികൾക്ക് പ്രവൃത്തി മഴപ്പൊലിമ പൂർത്തീകരിക്കുന്നമുറയ്ക്ക് നല്കേണ്ടതാണ്."*** കരാറിലെ ഈ വ്യവസ്ഥ കരാറിന് അടിസ്ഥാനമാക്കിയ സർക്കാർ ഉത്തരവിന് തന്നെ കടകവിരുദ്ധമാണ്. സർക്കാർ ഉത്തരവ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഏജൻസികൾക്ക് ബിൽ തുക നേരിട്ട് നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.
2) ഗുണഭോക്താക്കൾ നിർമ്മാണ സാമഗ്രികൾ വാങ്ങിയ ബിൽ സമർപ്പിക്കുകയോ പ്രവൃത്തി പൂർത്തീകരിച്ചതായി ബന്ധപ്പെട്ട ഓവർസിയർ/എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തിയ വാല്യുവേഷൻ ഹാജരാക്കുകയോ ചെയ്തിട്ടില്ല.
3) മഴപ്പൊലിമ പ്രവൃത്തി നടത്തിയതിന്റെ പൂർത്തീകരണ വിവരം, ആയതിന്റെ ബിൽ എന്നിവ ഹാജരാക്കിയിട്ടില്ല.
4) പ്രവൃത്തി നടത്തിയ മഴപ്പൊലിമ എന്ന ഏജൻസിയ്ക്ക് തുക നൽകാതെ ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിനായി കരാർ ചമച്ചതിന്റെയും ഇപ്രകാരം തുക കൈമാറിയതിന്റെയും കാരണം വ്യക്തമാക്കിയിട്ടില്ല.
5) ഗുണഭോക്താവ് നേരിട്ട് ഏജൻസിയ്ക്ക് തുക നൽകിയതിനാൽ നഗരസഭ ഗുണഭോക്താവിന് സബ്സിഡി തുക മാത്രം നല്കുകയാണ് ചെയ്തത്. ഇപ്രകാരം തുക ഗുണഭോക്താക്കൾക്ക് നൽകേണ്ട സബ്സിഡി തുക കണക്കാക്കിയിരിക്കുന്നത് താഴെ ചേർക്കും പ്രകാരമാണ്.

പരമാവധി പ്രവൃത്തി മൂല്യം (പരന്ന മേൽക്കൂര 8000/-, ചെരിഞ്ഞ മേൽക്കൂര 8600/- അല്ലെങ്കിൽ ഏജൻസി കണക്കാക്കിയ യഥാർത്ഥ മൂല്യം ഏതാണോ കുറവ്) - കുറയ്ക്കുക 14% (10% ഗുണഭോക്തൃവിഹിതം+2% ആദായനികുതി+2% ജി.എസ്.ടി) = ഗുണഭോക്താവിന് നൽകേണ്ട തുക.

ഇപ്രകാരം ഗുണഭോക്താവിന് നൽകിയ തുകയിൽ നിന്ന് നികുതികൾ കുറവ് ചെയ്തതത് ശരിയല്ല. Income Tax Act 1961, വകുപ്പ് 194(c) പ്രകാരം "………A Contract Between The Contractor And A Specified Person ***Shall, At The Time Of Credit Of Such Sum To The Account Of The Contractor*** Or At The Time Of Payment Thereof In Cash Or By Issue Of A Cheque Or Draft Or By Any Other Mode, Whichever Is Earlier, ***Deduct*** ……" എന്നാണ് പരാമർശിച്ചിട്ടുള്ളത്. അതായത് കരാറുകാരന് തുക നൽകുമ്പോൾ ആ തുകയിൽ നിന്നാണ് കുറവ് ചെയ്യേണ്ടത്. ഇവിടെ നഗരസഭയും ഏജൻസിയുമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. ഏജൻസിയ്ക്ക് തുക നൽകുമ്പോൾ ആ ഏജൻസിയ്ക്ക് നൽകുന്ന തുകയിൽ നിന്ന് ആദായനികുതി കുറവ് ചെയ്യുകയും അതിന് നഗരസഭ റിട്ടേൺ ഫയൽ ചെയ്യുകയും ചെയ്യേണ്ടിയിരുന്നു. ഗുണഭോക്താവ് കരാറുകാരനല്ല. ആയതിനാൽ ഗുണഭോക്താവിന് നല്കിയ 8600 രൂപയിൽ താഴെയുള്ള സബ്സിഡി തുകയിൽ നിന്ന് 194(c) പ്രകാരമുള്ള ആദായനികുതി കുറവ് ചെയ്തത് ശരിയല്ല.

കേന്ദ്ര/സംസ്ഥാന ജി എസ് ടി നിയമം 2017 വകുപ്പ് 51 പ്രകാരം "…To Deduct Tax At The Rate Of One Per Cent. ***From The Payment Made Or Credited To The Supplier*** (Hereafter In This Section Referred To As "The Deductee") Of Taxable Goods Or Services Or Both, Where The Total Value Of Such Supply, Under A Contract, ***Exceeds Two Lakh And Fifty Thousand Rupees***" എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ജി.എസ്.ടി നിയമ പ്രകാരവും ഏജൻസിയ്ക്ക് തുക നൽകുമ്പോളാണ് തുകയിൽ നിന്ന് കുറവ് വരുത്തേണ്ടത്. അതിന് നഗരസഭ റിട്ടേൺ ഫയൽ ചെയ്യുകയും ചെയ്യേണ്ടിയിരുന്നു. ഗുണഭോക്താവ് ഇവിടെ സാധനമോ സേവനമോ സപ്ലൈ ചെയ്തിട്ടില്ലാത്തതാണ്. ഗുണഭോക്താവിന് നല്കിയ 8600 രൂപയിൽ താഴെയുള്ള സബ്സിഡി തുകയിൽ നിന്ന് മേൽ പ്രകാരം ജി.എസ്.ടി കുറവ് ചെയ്തത് ശരിയല്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി കരാർ ചമയ്ക്കുകയും, പ്രവൃത്തി നടത്തിയ ഏജൻസിയുടെ സാക്ഷ്യപത്രം, ബിൽ എന്നിവ ലഭ്യമാക്കാതെ തുക കൈമാറ്റം നടത്തുകയും ചെയ്തതിനാൽ ചെലവ് തുകയായ 7,83,677/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 5/27.01.2024)

## 1-31 GeM മുഖേനയല്ലാതെ പർചേയ്സുകൾ നടത്തി

സ്കൂൾ പ്രധാനാദ്ധ്യാപകർ നിർവ്വഹണോദ്യോഗസ്ഥരായ ക്വട്ടേഷൻ/ടെണ്ടർ മുഖേന നടപ്പാക്കിയ പ്രൊജക്റ്റുകളിൽ സർക്കാർ മാർഗനിർദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ച കാണുന്നില്ല. ജി.ഒ(പി)നം.7/19/എസ്.പി.ഡി തി. 26.04.2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM (ഗവണ്മെന്റ് ഇ-മാർക്കറ്റ് പ്ളേസ്) മുഖേന സമാഹരിക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ മേധാവിയ്ക്ക് ബോദ്ധ്യപ്പെട്ടാലോ, സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം മറ്റ മാർഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള രേഖപ്പെടുത്തലുകളില്ലാതെ GeM മുഖേനയല്ലാതെയാണ് സ്കൂളുകളിലേക്ക് പർചേയ്സുകൾ നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ:

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്റ്റ് | ചെലവ് തുക | വൗച്ചർ നം. തിയതി,ഫണ്ട് | വാങ്ങിയ ഇനം |
|---|---|---|---|---|---|
| 1 | ഹെഡ്മാസ്റ്റർ, ഗവ.യു.പി സ്കൂൾ | 362/23-മാടായിക്കോണം യു പി സ്കൂളിലേക്ക് വെന്റിംഗ് യൂണിറ്റ് ഇൻസിനറേറ്റർ | 32438 | 22201876/27.3.2023 CFC | ഇൻസിനറേറ്റർ |
| 2 | ഹെഡ്മാസ്റ്റർ, ഗവ.ഹൈ സ്കൂൾ(ഗേൾസ്) | 219/23-ഗവ.ഗേൾസ് ഹൈസ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ | 49980 | 22202007/15.3.2023 MF-NR | ബഞ്ച്, ഡസ്ക് |
| 3 | ഹെഡ്മാസ്റ്റർ, ഗവ.ഹൈ സ്കൂൾ(ഗേൾസ്) | 18/23ഗവ.ഗേൾസ്ഹൈ സ്കൂളിലേക്ക് മാലിന്യസംസ്കരണ സംവിധാനം ഒരുക്കൽ | 65000 | 22202037/15.3.2023 MF-NR | ഇൻസിനറേറ്റർ |
| 4 | ഹെഡ്മാസ്റ്റർ, ഗവ.ഹൈ സ്കൂൾ(ബോയ്സ്) | 272/23-ക്ളാസ് മുറി, ഓഫീസ് എന്നിവിടങ്ങളിലേക്ക് ഫർണിച്ചർ വാങ്ങൽ | 99000 | 22202081/27.2.2023 MF-NR | ഫർണിച്ചർ |

| | | | | | |
|---|---|---|---|---|---|
| 5 | പ്രിൻസിപ്പൽ, ഗവ.ഹയർ സെക്കന്ററി സ്കൂൾ(ഗേൾസ്) | 208/23-ഗവ.ഗേൾസ്ഹൈ സ്കൂളിലേക്ക് ഇൻസിനറേറ്റർ വാങ്ങൽ | 39500 | 22201533/16.2.2023 CFC | ഇൻസിനറേറ്റർ |
| 6 | പ്രിൻസിപ്പൽ, ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ(ബോയ്സ്) | 247/23-GMBVHS ലേക്ക് ഇൻസിനറേറ്റർ, വാട്ടർകൂളർ വാങ്ങൽ | 67500 | CFC(വൗച്ചർ നം.ലഭ്യമല്ല) (30500-ബിൽ നം. 546/15.2.2023 37000-ബിൽ നം. 599/25.2.2023) | ഇൻസിനറേറ്റർ, വാട്ടർ കൂളർ |

സർക്കാർ ഉത്തരവ് പാലിക്കാത്തതിനെക്കുറിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/29.01.2024)യ്ക്ക് മറുപടിയായി വിദ്യാലയങ്ങൾക്ക് GeM രജിസ്ട്രേഷൻ ഇല്ലാത്തതിനാലാണ് ക്വട്ടേഷൻ/ടെണ്ടർ മുഖേന പർച്ചേയ്സുകൾ നടത്തിയതെന്നറിയിച്ചു.

സർക്കുലർ നം.SPD-A2/9/2022/9.5.2022 പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും സ്വയംഭരണസ്ഥാപനങ്ങളും GeM ൽ മെമ്പർമാരായോ സെല്ലർമാരായോ രജിസ്റ്റർ ചെയ്യേണ്ടതും GeM ൽ നിന്നും സാധനങ്ങൾ വാങ്ങേണ്ടതുമാണ്. മേല്പറഞ്ഞ നിർവ്വഹണോദ്യോഗസ്ഥർ GeM ൽ രജിസ്റ്റർ ചെയ്യുവാനും GeM ൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-32 ട്രാൻസ്ഫോർമറിന്റെ ശേഷി കൂട്ടൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല**

പ്രൊജക്ട് നം, പേര് -475/23, ഗേൾസ് സ്കൂളിനടുത്ത് ബസ്റ്റോപ്പിനോട് ചേർന്നുള്ള ട്രാൻസ്ഫോർമറിന്റെ ശേഷി കൂട്ടൽ

നിർവ്വഹണോദ്യോഗസ്ഥൻ-പ്രിൻസിപ്പൽ, ഗവ.ഹയർ സെക്കന്ററി സ്കൂൾ(ഗേൾസ്)

മേല്പറഞ്ഞ പ്രൊജക്ടിൽ വൗച്ചർ നമ്പർ 22201651/29.11.2022 പ്രകാരം 3,25,000/-(മെയിന്റനൻസ് ഫണ്ട്( നോൺറോഡ്) ഗേൾസ് സ്കൂളിനടുത്ത് ബസ്റ്റോപ്പിനോട് ചേർന്നുള്ള ട്രാൻസ്ഫോർമറിന്റെ ശേഷി കൂട്ടുന്നതിനായി ഇരിങ്ങാലക്കുട ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.3/27.1.2024)

**1-33 താൽക്കാലിക സാനിട്ടേഷൻ വർക്കർമാരുടെ ക്ഷാമബത്തക്കുടിശ്ശിക – അധികം തുകയനുവദിച്ചു**

| ക്രമ നമ്പർ | 1 | 2 |
|---|---|---|
| വൗച്ചർ നമ്പർ/ തീയ്യതി | 22201144/28.01.2023 | 22201856/23.03.2023 |
| ബിൽ തുക | 2,43,418 രൂ | 1,06,601 രൂ |
| ചെക്ക് നമ്പർ/ തീയതി | 070351/28.01.2023 | Passkey/23.03.2023 |

മേൽ വൗച്ചറുകൾ പ്രകാരം താൽക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന സാനിട്ടേഷൻ വർക്കർമാർക്ക് 12.08.2021- ലെ സ.ഉ (എം എസ്) 89/2021/ധന ഉത്തരവു പ്രകാരം 12/19-മുതൽ 08/21വരെയുള്ള വേതനക്കുടിശ്ശികയും, 8.02.2021 തീയതിയിലെ സ.ഉ (പി) നമ്പർ 25/2021/ ധന ഉത്തരവു പ്രകാരമുള്ള 1/2019 മുതൽ 2/2021 വരെയുള്ള ക്ഷാമബത്തക്കുടിശ്ശികയും അനുവദിച്ചിട്ടുണ്ട്. ആയതിൽ ക്രമ നമ്പർ (1) പ്രകാരം പട്ടികയിൽ ഉൾപ്പെട്ട 10 ജീവനക്കാർക്ക് വേതന കുടിശ്ശിക അനുവദിച്ചതിൽ അർഹമായ വേതനമായി (Due Wages) റിവൈസ്ഡ് വേതനത്തോടൊപ്പം 07/19 മുതൽ 0%, 01/20 മുതൽ 4%, 07/20 മുതൽ 7% എന്നീ ക്ഷാമബത്ത നിരക്കുകളും അനുവദിച്ച വേതനമായി (Drawn Wage) പ്രീ റിവൈസ്ഡ് വേതനത്തോടൊപ്പം 07/19 മുതൽ 28%, 01/20 മുതൽ 32%, 07/20 മുതൽ 36% എന്നീ ക്ഷാമബത്ത നിരക്കുകളുമാണ് ഡ്യൂ-ഡ്രോൺ പത്രികയിൽ രേഖപ്പെടുത്തേണ്ടിയിരുന്നത്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി വേതനക്കുടിശ്ശിക കണക്കാക്കിയ ഡ്യൂ-ഡ്രോൺ പത്രികയിൽ 12/19 മുതൽ 02/21 വരെയുള്ള കാലയളവിൽ 20% ക്ഷാമബത്തനിരക്കിൽ പ്രീ റിവൈസ്ഡ് വേതനം അനുവദിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ

കണക്കാക്കിയ വേതനക്കുടിശ്ശികയിൽ 8.02.2021 തീയതിയിലെ സ.ഉ (പി) നമ്പർ.25/2021/ ധന ഉത്തരവനുസരിച്ചുള്ള 23%, 28%, 32%, 36% എന്നീ ക്ഷാമബത്തനിരക്ക് വർദ്ധനവിന് ആനുപാതികമായ കുടിശ്ശിക കൂടിയുൾപ്പെട്ടിരുന്നു. എന്നാൽ ഇക്കാര്യം പരിഗണിക്കാതെ ഇതേ തൊഴിലാളികൾ ഉൾപ്പെടെ പതിനാറ് പേർക്ക് ക്രമ നമ്പർ (2) പ്രകാരം (23.03.2023-ലെ വൗച്ചർ പ്രകാരം) വീണ്ടും 12/19 മുതൽ 02/21 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക അനുവദിയ്ക്കുകയുണ്ടായി. ഇതുമൂലം താഴെ പറയുന്ന തൊഴിലാളികൾക്ക് കൂടുതൽ തുക ക്ഷാമബത്ത കുടിശ്ശികയായി അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തൊഴിലാളിയുടെ പേര് | അനുവദിച്ച വേതന കുടിശിക | അനുവദിച്ച ക്ഷാമബത്ത കുടിശിക | കൂടുതൽ നൽകിയത് |
|---|---|---|---|---|
| 1 | റജീന പി എം | 4965 | 2216 | 2216 |
| 2 | ബിജു എം എം | 7515 | 3547 | 3547 |
| 3 | എൽസിക്കുട്ടി സി കെ | 9643 | 4460 | 4460 |
| 4 | അനിൽ എം ബി | 10577 | 4900 | 4900 |
| 5 | അനില പി ആർ | 14281 | 6725 | 6725 |
| 6 | കണ്ണൻ സി എ | 39584 | 14992 | 14992 |
| 7 | സത്യൻ കെ എ | 40448 | 15154 | 15154 |
| 8 | ഷീന കെ യു | 39238 | 14666 | 14666 |
| 9 | അനിൽകുമാർ വി കെ | 39119 | 14469 | 14469 |
| 10 | ഷീജ പി ജി | 38048 | 14130 | 14130 |
| ആകെ | | 2,43,418 | 95,259 | 95,259 |

കൂടുതൽ നൽകിയ 95,259 രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 32/01.02.2024)

## 1-34 ടെർമിനൽ സറണ്ടർ - ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്തയനുവദിച്ചു

| | |
|---|---|
| വൗച്ചർ നമ്പർ/ തീയ്യതി | 22200172/18.05.2022 |
| ബിൽ തുക | 3,09,276 |
| ചെക്ക് നമ്പർ/തീയതി | 5333405/ 18.05.2022 |

31.08.2020-ൽ സേവനത്തിൽ നിന്നും വിരമിച്ച സാനിറ്റേഷൻ വർക്കർ ശ്രീ എം എ ചന്ദ്രന് താഴെ കാണും വിധം ടെർമിനൽ സറണ്ടർ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

| വിരമിച്ച തീയതി | സറണ്ടർ ചെയ്ത ആർജിതാവധികൾ | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | വീട്ടുവാടക ബത്ത | ആകെ |
|---|---|---|---|---|---|
| 31.08.2020 | 132 | 62200 | 4354 | 3732 | 3,09,276 |

എന്നാൽ 31.08.2020- ൽ വിരമിച്ച ചന്ദ്രന് അർഹമായ വീട്ടുവാടകബത്താനിരക്ക് പ്രീ റിവൈസ്ഡ് ശമ്പളനിരക്കിലെ 1750 രൂപയാണ് (പ്രീ റിവൈസ്ഡ് ശമ്പളം - 44700 രൂ). ഇതിനു പകരം 12.08.2021- ലെ സ.ഉ (എം എസ്) 89/2021/ധന ഉത്തരവു പ്രകാരം ബാധകമായ പുതുക്കിയ വീട്ടുവാടക ബത്തയാണ് ( അടിസ്ഥാനശമ്പളത്തിന്റെ 6% ) അനുവദിച്ചിട്ടുള്ളത്. പുതുക്കിയ വീട്ടു വാടക ബത്തയ്ക്ക് 01.03.2021 മുതൽമാത്രമേ പ്രാബല്യമുള്ളൂ എന്നതിനാൽ ഇത് അനുവദനീയമല്ല. ശ്രീ ചന്ദ്രന് അർഹമായ ടെർമിനൽ സറണ്ടറാനുകൂല്യങ്ങൾ താഴെ കാണും പ്രകാരമാണ്.

| വിരമിച്ച തീയതി | സറണ്ടർ ചെയ്ത ആർജിതാവധികൾ | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | വീട്ടുവാടക ബത്ത | ആകെ |
|---|---|---|---|---|---|
| 31.08.2020 | 132 | 62200 | 4354 | 1750 | 3,00,538 |

കൂടുതൽ നൽകിയ 8,738 രൂപ (3,09,276 – 3,00,538 ) തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 6/27.01.2024)

## 1-35 പെൻഷൻ കുടിശ്ശിക - ഉയർന്ന നിരക്കിൽ മെഡിക്കൽ അലവൻസനുവദിച്ചു

| | |
|---|---|
| വൗച്ചർ നമ്പർ/ തീയ്യതി | 22200318/04.07.2022 |

| | |
|---|---|
| ബിൽ തുക | 3,72,589 |
| ചെക്ക് നമ്പർ/തീയതി | 5333413/ 04.07.2022 |

31.08.2020 ൽ സേവനത്തിൽ നിന്നും വിരമിച്ച സാനിറ്റേഷൻ വർക്കർ ശ്രീ എം എ ചന്ദ്രന് 01.09.2020 മുതൽ 31.01.2022 വരെയുള്ള പെൻഷൻ കുടിശ്ശികയനുവദിച്ചിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ ഡ്യൂ-ഡ്രോൺ പത്രികയിൽ 01.09.2020 മുതൽ തന്നെ അർഹമായ മെഡിക്കൽ അലവൻസ് 500 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ 2019-ലെ പെൻഷൻ പരിഷ്കരണ ഉത്തരവ് (സ.ഉ (അച്ചടി) നം. 168/2021/ധന തീയതി. 08.12.2021) ഖണ്ഡിക XII പ്രകാരം ഉയർന്ന നിരക്കിലുള്ള മെഡിക്കൽ അലവൻസ് 01.04.2021 മുതൽ മാത്രമേ അനുവദനീയമാകുകയുള്ളൂ. ആയതിനാൽ 01.09.2020 മുതൽ 31.03.2021 വരെയുള്ള കാലയളവിൽ ശ്രീ ചന്ദ്രന് 300 രൂപ നിരക്കിൽ മാത്രമേ മെഡിക്കൽ അലവൻസിന് അർഹതയുള്ളൂ. കൂടുതൽ നൽകിയ 1400 രൂപ (7*200) തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.7/27.01.2024)

## 1-36 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി നം . 33 /31.01.2024)

| പ്രൊജക്ട്/നം. | വൗച്ചർ നം | തുക | നൽകിയത് | അപാകത |
|---|---|---|---|---|
| 244/23 ഐ.കെ.എം.വിഹിതം നൽകൽ – (വികസനഫണ്ട് – ജനറൽ) | 22201707/ 17.09.2022 | 2,33,880/- | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ , | വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 137/23 ആധുനിക അറവുശാല നിർമ്മാണം – (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 22202115/ 25.02.2023 | 5,84,808/- | ഡോ.പി.വി.മോഹനൻ, സെന്റർ ഫോർ ഫാമിംങ് & ഫുഡ് പ്രോസസ്സിംങ് | വിനിയോഗ സാക്ഷ്യപത്രം ഇല്ല. |

## 1-37 മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിച്ചിട്ടില്ല.

പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടിന്റെ രജിസ്റ്റർ പരിശോധിച്ചതുപ്രകാരം തുക മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ വീടുപണി പൂർത്തികരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി-നം.36/01.02.2024)

| പ്രൊജക്ടിന്റെ പേര്/നം. | ക്രമ നം. | ഗുണഭോക്താക്കൾ | പ്രൊജക്ട് പ്രകാരം അർഹതപ്പെട്ട തുക | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തിയതി |
|---|---|---|---|---|---|
| പി.എം.എ.വൈ (പട്ടികജാതി) 485/23 | 1 | സാവിത്രിഭായ് | 400000/- | 40000/- | 07.01.2023 |
| | 2 | അംബിക കുമാരൻ | ” | 40000/- | 07.01.2023 |
| | 3 | രാജൻ | ” | 40000/- | 07.01.2023 |
| | 4 | ഓമന.എം.കെ | ” | 40000/- | 21.02.2023 |
| | 5 | ശാന്ത.എൻ.വി | ” | 40000/- | 21.02.2023 |
| | 6 | ധർമ്മൻ | ” | 40000/- | 21.02.2023 |
| | 7 | രാജേന്ദ്രൻ | ” | 40000/- | 21.02.2023 |
| | 8 | മണി.കെ.സി | ” | 40000/- | 21.02.2023 |
| | 9 | റെജികുമാർ | ” | 40000/- | 21.02.2023 |
| | 10 | ശീലാവതി | ” | 40000/- | 09.03.2023 |
| | 11 | സതി.എം.വി | ” | 40000/- | 09.03.2023 |

| | | | | | |
|---|---|---|---|---|---|
| | 12 | ശാന്ത വിജയൻ | ” | 40000/- | 23.03.2023 |
| പി.എം.എ.വൈ (ജനറൽ), 424/23 | 1 | പ്രബീന | 400000/- | 40000/- | 07.02.2023 |
| | 2 | മഞ്ജു | ” | 40000/- | 25.02.2023 |
| | 3 | വേശു | ” | 40000/- | 25.02.2023 |
| | 4 | പൊന്നമ്മ | ” | 40000/- | 02.03.2023 |
| | 5 | നന്ദകുമാർ | ” | 40000/- | 16.03.2023 |
| | 6 | ആർഷ പ്രമോദ് | ” | 40000/- | 16.03.2023 |
| | 7 | അക്ബർഷ | ” | 40000/- | 23.03.2023 |
| | 8 | ഗിരിജ | ” | 40000/- | 23.03.2023 |
| | 9 | സുമ വിജയൻ | ” | 40000/- | 21.02.2023 |
| | 10 | ശാരദ | ” | 40000/- | 02.03.2023 |
| പി.എം.എ.വൈ (പട്ടികജാതി), 178/23(സ്പിൽ ഓവർ) | 1 | അമ്മിണി ചേങ്ങത്ത് | 400000/- | 40000<br>80000<br>80000<br>80000<br>80000<br>360000/- | 11.01.2022<br>17.03.2022<br>14.06.2022<br>29.10.2022<br>02.02.2023 |
| | 2 | മീര നെടുമ്പുള്ളി | 400000/- | 40000<br>80000<br>80000<br>80000<br>80000<br>360000/- | 11.01.2022<br>25.05.2022<br>14.06.2022<br>29.10.2022<br>02.02.2023 |

## 1-38 എച്ച് എം സി വാർഷികകണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

14.03.2013ലെ ജി.ഒ (എം.എസ്) 91/2013/തസ്വഭവ (SRO നമ്പർ 199/2013), 2013ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(i) എന്നിവ പ്രകാരം ആരോഗ്യ സ്ഥാപനങ്ങളിൽ (പി എച്ച് സി/സി എച്ച് സി, ഹോമിയോ, ആയുർവേദം) ആശുപത്രി മാനേജിങ്ങ് കമ്മിറ്റി രൂപീകരിച്ച് ആയതിന്റെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ഇരിങ്ങാലക്കട നഗരസഭയ്ക്ക് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ആശുപത്രി മാനേജിങ്ങ് കമ്മിറ്റി രൂപീകരിച്ചതിന്റേയും, ഏതു വർഷം വരെയുള്ള കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചു എന്നതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.42/02.02.2024) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റിനു സമർപ്പിക്കാത്ത ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

## 1-39 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - അപാകങ്ങൾ

**എ) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല**

പ്രോജക്ട് നം.198/23

പ്രോജക്ടിന്റെ പേര്-പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ഫണ്ട് -- ധനകാര്യകമ്മീഷൻ അവാർഡ് - 6,25,000/-

ഗുണഭോക്തൃവിഹിതം (നേരിട്ട്) -6,25,000/-

അടങ്കൽ തുക – 12,50,000/-

ചെലവ് - 6,25,000/-

വൗച്ചർ നം. 22201834/20.3.2023 – 1,25,000/-

വൗച്ചർ നം. 22201924/31.03.2023 - 5,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

മേൽപ്രകാരം ഗുണഭോക്താവ് ഒന്നിന് 12,500/-രൂപ വീതം സംസ്ഥാന വിഹിതം ഉൾപ്പെടെ 6,25,000/- രൂപ 50 ഗുണഭോക്താക്കൾക്കായി SLBP ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂരിന് കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റ് പൂർത്തീകരിക്കുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

**ബി) പ്രോജക്ടിൽ തുടരാത്തവർ**

SLBP വിതരണ രജിസ്റ്റർ പരിശോധിച്ചതിൻപ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ പ്രൊജക്ടിൽ തുടരാത്തതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കാലിത്തീറ്റ വാങ്ങിയതിന്റെ വിവരം |
|---|---|
| സുധൻ പി എം | 11/2023 വരെ നൽകിയിട്ടുള്ളൂ. |
| രമ്യ വിനോദ് | 07/2023 വരെ നൽകിയിട്ടുള്ളൂ. |
| മോഹനൻ കെ എം | 11/2023 വരെ നൽകിയിട്ടുള്ളൂ. |
| സുബ്രമണ്യൻ ,തെക്കൂട്ട് | ,, |
| ലത മോഹൻ | 05/2023വരെ നൽകിയിട്ടുള്ളൂ. |
| അജിത് കുമാർ | 06/2023വരെ നൽകിയിട്ടുള്ളൂ. |

**സി) SLBP രജിസ്റ്റർ പ്രകാരം ക്യാൻസൽ ചെയ്തവർ**

1. ഗോപി, കുനക്കാംപുള്ളി
2. പി.ഡി.പ്രസാദ് പുളിക്കത്തറ, കുഴിക്കാട്ട്കോണം
3. രാജേഷ്.വി.ബി, സാകേതം ആശ്രമം
4. രജിനി ബാബു, പട്ടപ്പറമ്പിൽ, കുഴിക്കാട്ട്കോണം

ഇത്തരത്തിൽ പ്രോജക്റ്റ് പൂർത്തീകരിക്കാതെ വിട്ടുപോയ ഗുണഭോക്താക്കൾക്കും ക്യാൻസൽ ചെയ്തവർക്കും വേണ്ടി അടവാക്കിയ തുക തിരികെ സർക്കാരിലേക്ക് അടവാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 10/29.1.2024).

**1-40 ജി.എസ്.ടിയിനത്തിൽ കരാറുകാരന് തുക അധികം നൽകി.**

കേന്ദ്രവിജ്ഞാപനം 12/17 (Central Tax) പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO371/17 സർക്കാർ ഉത്തരവ് (പി)73/17 Taxes Dt.06.06.17 പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ നഗരസഭകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് നഗരസഭകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര, സംസ്ഥാന ജി.എസ്.ടി നൽകേണ്ടതില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് നഗരസഭ ജി.എസ്.ടി.നൽകിയിട്ടുണ്ട്. ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ തോടുകളിൽ നിന്നും കുളവാഴ, മറ്റു കളകൾ, ചെളി, മറ്റു വസ്തുക്കൾ എന്നിവ നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തിക്ക് ജി.എസ്.ടി.നൽകി കാണുന്നു. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം നഗരസഭയുടെ ചുമതലയിൽപ്പെട്ട സേവന ലഭ്യതയ്ക്കാണ് കരാറുകാരന് കേന്ദ്ര, സംസ്ഥാന ജി.എസ്.ടി. തുക (12%) നൽകിയിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി നം./പേര്/ കരാറുകാരൻ | എം.ബുക്ക് നം. | ആകെ പ്രവൃത്തിമൂല്യം | ജി.എസ്.ടി. ഇനത്തിൽ നൽകിയ തുക | വൗച്ചർ നം./ തിയതി |
|---|---|---|---|---|---|
| 1 | 345/23, പ്രീമൺസൂൺ തോട് ക്ലീനിങ്ങ് വാർഡ് 1 മുതൽ 15 വരെ, ശ്രീ.കെ.എ.ഗോപകുമാർ. വകയിരുത്തിയ തുക - 2,30,000/-CFC | 20/22-23 | 204826 | 24579 (12%) | 22200912/ 02.12.22 |
| 2 | 342/23, പ്രീമൺസൂൺ തോട് ക്ലീനിങ്ങ് വാർഡ് 31 മുതൽ 41 വരെ, | 22/22-23 | 196328 | 23559 (12%) | 22200911/ 02.12.22 |

| | | | | | |
|---|---|---|---|---|---|
| | ശ്രീ.കെ.എ.ഗോപകുമാർ വകയിരുത്തിയ തുക - 220000/-CFC | | | | |
| 3 | 341/23 പ്രീമൺസൂൺ തോട് ക്ലീനിങ്ങ് വാർഡ് 16 മുതൽ 30 വരെ, ശ്രീ.കെ.എ.ഗോപകുമാർ വകയിരുത്തിയ തുക - 2,20,000/-CFC | 21/22-23 | 222530 | 26704 | 22200870/ 22.11.22 |
| | ആകെ | | | 74,842 | |

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (09/29.01.24) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് ജി.എസ്.ടി. ഇനത്തിൽ അധികം നൽകിയ തുകയായ 74,842/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

**1-41 പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൈമാറിയ തുകയുടെ പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ചെലവ് | വൗച്ചർ നമ്പർ/ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | പുറ്റിങ്ങൽ റോഡ് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ – 353/23 | 2,10,000 | 22200741/ 29.10.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട |
| 2 | ഹാപ്പി നഗർ & സുരഭി നഗർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ , 103/23 | 50,000 | 22201675/ 04.11.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട |
| 3 | കാരുകുളങ്ങര കുടിവെള്ള പദ്ധതി-177/23 | 150000 | 22201686/ 21.10.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട |
| 4 | വെള്ളിക്കാഞ്ഞിരം കുടിവെള്ള പദ്ധതി 176/23 | 3,50,000 | 22201716/ 21.10.2022 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട |
| 5 | കുന്നമ്മക്കര പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 49/23 | 3,20,000/- | 22200886/ 25.11.22 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട |
| 6 | വാട്ടർ കണക്ഷൻ ഡെപ്പോസിറ്റ് ഇൻ ടേക്ക് എ ബ്രേക്ക് ബിൽഡിങ്ങ് | 50,000/- | 22200771/ 07.11.22 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട |
| 7 | കുഴിക്കാട്ട്കോണം പരിസരത്ത് കുഴൽ കിണർ നിർമ്മാണം- വാർഡ് -8, 116/23 | 68,000/- | 22202013/ 10.03.23 | ജില്ലാ ഓഫീസർ കേരള ഭൂഗർഭ ജല വകുപ്പ്, തൃശ്ശൂർ |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (21/31.01.24)

**1-42 തൻവർഷം ഫസ്റ്റ് & പാർട്ട് ബിൽ നൽകിയതും കരാർ കാലാവധി കഴിഞ്ഞതുമായ പ്രവൃത്തികൾ നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.**

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

തൻവർഷം ഫസ്റ്റ് & പാർട്ട് ബിൽ നൽകിയതും കരാർ കാലാവധി കഴിഞ്ഞതുമായ താഴെ പറയുന്ന പ്രവൃത്തികൾ നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | വൗച്ചർ നം./ തീയതി | നൽകിയ തുക |
|---|---|---|---|
| 1 | ടൗൺഹാൾ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ വാർഡ്-22,<br>പ്രോജക്റ്റ് നം.419/23<br>സാങ്കേതികാനുമതി-101215/22<br>എഗ്രീഡ് പി.എ.സി.-171244/<br>വകയിരുത്തിയ തുക -2,00,000/-<br>കരാറുകാരൻ-കെ.എ.ഗോപികുമാർ<br>എഗ്രിമെന്റ് 100/AE/22-23 Dt.10.03.23<br>MB-101215/22<br>കരാർ കാലാവധി 7മാസം | First & Part Bill<br>22202135/28.03.23 | 1,49,897/- |
| 2 | 303/23, മാടായികോണം കുഴിക്കാട്ട് കോണം റോഡ് റീടാറിങ്ങ് ,തീപ്പെട്ടി കമ്പനി റോഡ് ഡ്രെയിൻ കൺസ്ട്രക്ഷൻ<br>എഗ്രിമെന്റ് -79/22-23/24.01.23<br>കരാർ കാലാവധി 6മാസം<br>കരാറുകാരൻ- പി.ആർ.നാരായണൻ<br>കരാർ തുക-10,59,114/-<br>വകയിരുത്തിയ തുക-14,25,000/- (റോഡ്)<br>MB-21220/22 | First & Part Bill<br>22201957/23.03.23 | 5,51,599/- |
| 3 | പ്രോജക്റ്റ് നം.79/23<br>തളിയകോണം കുടിവെള്ള പദ്ധതി<br>എഗ്രിമെന്റ് -146/20-21 Dt.26.02.21<br>സാങ്കേതികാനുമതി-87376/20-21<br>എഗ്രീഡ് പി.എ.സി.-937480/-<br>കരാറുകാരൻ-സുനിൽകുമാർ.ടി.സി.<br>MB-41/21-22<br>കരാർ കാലാവധി-6മാസം<br>വകയിരുത്തിയ തുക10,50,000/<br>വികസനഫണ്ട്-CFC | First & Part Bill<br>5,50,151/-<br>22201299/12.07.22<br>Second & Part Bill<br>1,39,491/-<br>22201326/07.12.22 | 6,89,642/- |
| 4 | കാരുകുളങ്ങര ശ്രീനാരായണ റോഡ് , വീവൺ നഗർ ബൈലൈൻ ,<br>പ്രോജക്റ്റ് നം.317/23<br>സാങ്കേതികാനുമതി-23532/22<br>എഗ്രീഡ് പി.എ.സി.-1412610/<br>വകയിരുത്തിയ തുക-18,65,000/- | First& Part Bill<br>22201968/22.03.23<br>5,84,036/-<br>Second & Part Bill<br>138464/30.07.23 | 5,84,036/-<br>1,38,464 (30.07.23) |

| | | | |
|---|---|---|---|
| | (റോഡ്)<br>കരാറുകാരൻ-കെ.എ.ഗോപികുമാർ<br>എഗ്രിമെന്റ് 83/AE/22-23 Dt.25.01.23<br>MB-23532/22<br>കരാർ കാലാവധി 6മാസം | | |
| 5 | പാറപ്പുറം സ്മാരക നിലയം സെക്കന്റ് ഫേസ്<br>പ്രോജക്റ്റ് നം.101/23<br>സാങ്കേതികാനുമതി-95987/21-22<br>എഗ്രീഡ് പി.എ.സി.-400000/<br>വകയിരുത്തിയ തുക-400000/- (വികസനഫണ്ട് SCP)<br>കരാറുകാരൻ -ടി.സി.സുനിൽകുമാർ<br>എഗ്രിമെന്റ് 4/AE/22-23 Dt.16.05.22<br>MB-95987/22<br>കരാർ കാലാവധി 12 മാസം | First& Part Bill-<br>വൗച്ചർ നം. 358913/- (കാലാവധി 05.05.23ന് കഴിഞ്ഞു. എന്നാൽ എസ്റ്റിമേറ്റിലെ ഇനം 1, 6 എന്നിവ പ്രകാരമുള്ള പാർട്ടീഷൻ , ഇനം 4 പ്രകാരമുള്ള ജനവാതിൽ എന്നിവ പൂർത്തീകരിച്ചിട്ടില്ല) | 3,58,913/- |

സമയപരിധി കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് (28/01.02.23, 55/09.02.24).

## 1-43 കാടത്തോട് കൊച്ചിപ്പാടം എന്നീ ജലസ്രോതസ്സുകളുടെ നവീകരണം-ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്റ്റ് നം.117/23
വകയിരുത്തിയ തുക -3,00,000/-(സി.എഫ്.സി ഫണ്ട്)
ചെലവ്- ഫൈനൽ ബിൽ- 2,15,728/-
വൗച്ചർ നം. 22201303/12.07.22

സാങ്കേതികാനുമതി-119127/20-21 Dt.04.02.21

എഗ്രീഡ് പി.എ.സി. – 2,66,970/-

കരാറുകാരൻ – ബെന്നി.സി.എ.

എഗ്രിമെന്റ് -62A/21-22/ Dt.22.12.21

MB-162/21-22
ആകെ പ്രവൃത്തി മൂല്യം -215728/-

മേൽ പ്രോജക്റ്റ് പ്രകാരം നിലവിലുള്ള കാടത്തോടിന്റെ ഇളകി പോയ ഭാഗം മെയിന്റനൻസ്, പ്ലാസ്റ്ററിങ്ങ് എന്നിവ ചെയ്യുന്നതിനും, കൂടാതെ 80 മീറ്റർ നീളത്തിൽ പുതിയ കാടത്തോട് നിർമ്മിക്കുന്നതിനും വേണ്ടിയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റിലുള്ളതിനേക്കാൾ വ്യത്യസ്യമായി പ്രവൃത്തി നടത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| എസ്റ്റിമേറ്റ് പ്രകാരം | | | | ചെയ്ത പ്രവൃത്തി | |
|---|---|---|---|---|---|
| ഇനം | അളവ് | | ഇനം | അളവ് | |
| 1 | 44.800 M3 | 80 മീറ്റർ പുതിയ കാനക്ക് വേണ്ടി എർത്ത് വർക്ക് | 1,2.3 | - | പ്രവൃത്തികൾ ചെയ്തിട്ടില്ല. |
| 2 | 6.4 M3 | 80 മീറ്റർ നീളത്തിൽ പുതിയ കാനയിൽ ക്വാറി മക്ക് വിരിക്കൽ | | - | ,, |
| 3 | 6.4 M3 | 80 മീറ്റർ നീളത്തിൽ പുതിയ കാനയിൽ 1:4:8 സിമന്റ് | | - | ,, |

| | | | | | |
|---|---|---|---|---|---|
| | | കോൺക്രീറ്റ് | | | |
| 4 | 16.8 | 80 മീറ്റർ നീളത്തിൽ പുതിയ കാനയുടെ രണ്ട് സൈഡ് വാളിലും 1:3:6സിമന്റ് കോൺക്രീറ്റ് | 4 | 19.032m3 | 170.74 മീറ്റർ നീളത്തിൽ പ്രവൃത്തി നടത്തിയിട്ടുണ്ട്. |
| 5 | 2.720 M2 | 80 മീറ്റർ നീളത്തിൽ പുതിയ കാനയുടെ ഡ്രെയിൻ വെന്റ്വേ , നിലവിലുള്ള കാനയുടെ 56 മീറ്റർ നീളത്തിൽ 1:2:4 സിമന്റ് കോൺക്രീറ്റ് | 5 | 1.901 M3 | 84.45 മീറ്റർ നീളത്തിൽ പ്രവൃത്തി നടത്തിയിട്ടുണ്ട്. |
| 6 | 254 M2 | 80 മീറ്റർ നീളത്തിൽ പുതിയ കാനയുടെ 5.9.1 ഇനത്തിലുള്ള കോൺക്രീറ്റ് | 6 | 144.376 M2 | 170.74 മീറ്റ് നീളത്തിൽ പ്രവൃത്തി നടത്തിയിട്ടുണ്ട്. |
| 7 | 204m2 | 80 മീറ്റർ നീളത്തിൽ പുതിയ കാനയുടെയും, നിലവിലുള്ള കാന യുടെ 56 മീറ്റർ നീളത്തിൽ പ്ലാസ്റ്ററിങ്ങ് | 7 | 159.93 M2 | 145 മീറ്റർ നീളത്തിൽ പ്ലാസ്റ്ററിങ്ങ് |

അപാകതകൾ

1) മേൽ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളത് 28.07.21 ലും, എഗ്രിമെന്റ് വെച്ചിട്ടുള്ളത് 22.12.21 ലുമാണ്. 2011 ലെ പി.ഡബ്ലിയു.ഡി മാന്വൽ ഖണ്ഡിക 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതായി കണക്കാക്കുന്ന തീയതി മുതൽ 14 ദിവസത്തിനകം എഗ്രിമെന്റ് വെക്കേണ്ടതാണ്. ഈ കാലയളവിനശേഷം 10 ദിവസം കഴിഞ്ഞ് ഏർപ്പെടുന്ന കരാറുകൾക്ക് കരാർ തുകയുടെ 1% (കുറഞ്ഞത് ₹ 1000 – കൂടിയത് ₹ 25000) പിഴ ചുമത്തേണ്ടതുമാണ്. എന്നാൽ എഗ്രിമെന്റ് വെക്കാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല.

2) മേൽ പ്രവൃത്തിയുടെ ഇനം 4 പ്രകാരം പുതിയ കാനയുടെ രണ്ട് സൈഡ് വാളും സിമന്റ് കോൺക്രീറ്റാണ് എസ്റ്റ്മേറ്റിലുള്ളത്. എന്നാൽ കാന നിർമ്മാണം നടത്തിയിട്ടില്ലാത്തതിനാൽ മേൽ പ്രവൃത്തി ചെയ്യേണ്ട ആവശ്യമില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് , സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവ ഫയലിൽ ഇല്ല. എന്നാൽ 170.74 മീറ്റർ നീളത്തിൽ 16.800m3 പ്രവൃത്തി ചെയ്തതായി എം.ബി. പേജ് 12ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3) ഇനം 5 പ്രകാരം പഴയ കാനയുടെ 56 മീറ്ററും പുതിയ കാനയുടെ 80 മീറ്ററുമാണ് എസ്റ്റിമേറ്റിലുള്ളത്. എന്നാൽ പുതിയ കാനയുടെ പണി നടത്താതെ തന്നെ 84.45 മീറ്റർ നീളത്തിൽ പ്രവൃത്തി നടത്തിയതായി എം.ബി. പേജ് 12ൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഇനം 5.9.1)

4) ഇനം 6 പ്രകാരം പുതിയ കാനയുടെ 80 മീറ്റർ പ്രവൃത്തിയാണ് എസ്റ്റിമേറ്റിലുൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കാന നിർമ്മാണമില്ലാതെ 170.74 മീറ്റർ നീളത്തിൽ Centering & Shuttering Including Strutting And Removal Of Forms For Foundations, Footings, Bases Of Coloum Etc. For Mas Concrete എന്ന പ്രവൃത്തി നടത്തിയിട്ടുണ്ട്.

5) ഇനം 7 പ്രകാരം 80 മീറ്റർ നീളത്തിൽ പുതിയ കാനയുടെയും, നിലവിലുള്ള കാനയുടെ 56 മീറ്റർ നീളത്തിൽ പ്ലാസ്റ്ററിങ്ങ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 145 മീറ്റർ നീളത്തിൽ പ്രവൃത്തി നടത്തിയിട്ടുണ്ട്.

മേൽ പ്രകാരം എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിച്ച് പ്രവൃത്തി നടത്തിയതിന്, റിവൈസ്ഡ് എസ്റ്റിമേറ്റ്, സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവ തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 43/02.02.24) മറുപടി ലഭ്യമാക്കിയിട്ടില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാൻ വൈകിയതിന് പിഴ ഈടാക്കേണ്ടതാണ്. മറ്റു അപാകതകളുടെ വെളിച്ചത്തിൽ 2,15,728/- രൂപ ഓഡിറ്റൽ തടസ്സപ്പെടുത്തുന്നു.

**1-44 മരാമത്ത് പ്രവൃത്തികളിൽ നിന്ന് കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

എ) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ലേലം നടത്തുന്നതിന് വേണ്ടി വിവിധ സ്ഥലങ്ങളിൽ സ്റ്റാക്ക് ചെയ്ത മണ്ണ് ലേലം

നടത്തിയിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്റ്റ് നം | ഇനം, ഇ.എം. ബുക്ക് നം. | മണ്ണിന്റെ അളവ് | റിമാർക്സ് |
|---|---|---|---|---|
| 1 | ചെറുവേരറോഡ് ബൈലൈൻ റിനോവേഷൻ, ചെറുവേര കല്ലട റോഡ് ഡ്രൈയിനേജ്, 316/23 | ഇനം 5, 30966/22 | 53.220 $M^3$ | മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമല്ല. |
| 2 | മുനിസിപ്പൽ ക്വാർട്ടേഴ്സ് റോഡ് പാർക്ക് വ്യൂ റോഡ് അഭിവൃദ്ധിപ്പെടുത്തൽ, 147/23 | ഇനം 1, 18/22-23 | 72 $M^3$ | കാട്ടൂർ ബൈപാസ് റോഡിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. |
| 3 | അബ്ദുൾ ഖാദർ റോഡ് കലുങ്ക് നിർമ്മാണം, തെക്കേനട വെൽഫെയർ റോഡ്, KSRTCസോൾവെന്റ് റോഡ് 33/23 | ഇനം 1, 90/22 | 63.840$m^3$ | 24.034m3 മണ്ണ് പെരുവല്ലിപ്പാടം റോഡിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള മണ്ണിന്റെ വിനിയോഗവിവരം ലഭ്യമല്ല |
| 4 | കൂടൽമാണിക്യം KSRTC റോഡ് ഡ്രൈയിൻ, 38/23 | ഇനം 1, 87/22 | 60.932 $M^3$ | 60.93m3 മണ്ണ് ഇന്റസ്ട്രിയൽ എസ്റ്റേറ്റിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. |
| 5 | കനാൽ ബണ്ട് റോഡ് റീടാറിങ്ങ് & ഡ്രൈയിൻ നിർമ്മാണം,96/23 | ഇനം 1, 94/21-22 | 41.725 $M^3$ | 24.425m3 മണ്ണ് ട്രെഞ്ചിങ്ങ് ഗ്രൗണ്ടിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള മണ്ണിന്റെ വിനിയോഗം ലഭ്യമല്ല. |
| | | എക്സ്ട്രാ ഇനം 1 | 27.675 $M^3$ | സ്റ്റോൺ പൊളിച്ചെടുത്തതിന്റെ വിനിയോഗം ലഭ്യമല്ല |
| 6 | കോപ്പുള്ളി ലൈൻ അഭിവൃദ്ധിപ്പെടുത്തൽ, ചേലൂക്കാവ് ഈസ്റ്റ് റോഡ് കൾവർട്ട് നിർമ്മാണം,36/23 | ഇനം1, 155/22 | 42.971 $M^3$ | മണ്ണ് ട്രെഞ്ചിങ്ങ് ഗ്രൗണ്ടിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. |
| 7 | ടൗൺഹാൾ റിനോവേഷൻ, 49/23 | എക്സ്ട്രാ ഇനം 1, 131/22 | 65.89 $M^3$ | കാട്ടൂർ ബൈപാസ് റോഡിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. |
| 8 | മയ്യാർ റോഡ് ഡ്രൈയിൻ നിർമ്മാണം, 48/23 | ഇനം 1, 103/21-22 | 60.143m3 | ബണ്ട് റോഡിന്റെ സൈഡിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. |
| 9 | കാട്ടിക്കുളം റിനോവേഷൻ,39/23 | ഇനം 2, 166/21-22 | 22.49m3 | മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമല്ല. |
| 10 | വാതിൽമാടം ടെമ്പിൾ റോഡ് ഇംപ്രൂവ്മെന്റ് , 126/23 | ഇനം 3, 25/21-22 | 43.94m3 | വർക്ക് സൈറ്റിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. |
| 11 | തളിയക്കോണം പഞ്ചായത്ത് സ്റ്റേഡിയം റോഡ് ഡ്രൈയിൻ | ഇനം 1, 32506/22 | 45.332m3 | മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമല്ല. |

| | | | | |
|---|---|---|---|---|
| | നിർമ്മാണം, 344/23 | | | |
| 12 | അയ്യങ്കാവ് ടെമ്പിൾ റോഡ് ഇംപ്രൂവ്മെന്റ്, 305/23 | ഇനം 1, 23591/22 | 108.20m3 | മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമല്ല. |
| 13 | നിർമ്മിതി കോളനി റോഡ് നിർമ്മാണം,467/23 | ഇനം 1, 105896/22 | 37.4m3 | മണ്ണിന്റെ വിനിയോഗവിവരം ലഭ്യമല്ല. |
| 14 | കല്ലട ബൈലൈൻ അഴക്ക് ചാൽ നിർമ്മാണം,393/23 | ഇനം 1-, 26336/22 | 70.83 $M^3$ | മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമല്ല. |
| 15 | സൗത്ത് ബസാർ ഈസ്റ്റ് എന്റ് ഡ്രെയിൻ,28/23 | ഇനം 1, 123/21-22, | 52.758 $M^3$ | ഡയബറ്റിക് റോഡിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. |
| | ,, | ഇനം 1, 43/22 | 32.046$m^3$ | മണ്ണിന്റെ വിനിയോഗവിവരം ലഭ്യമല്ല. |
| 16 | ജലരക്ഷ -ജീവരക്ഷ വിലങ്ങൻ തോട് സൈഡ് സംരക്ഷണം ,330/23 | ഇനം 3, 29417/22 | 57.534 $M^3$ | മണ്ണിന്റെ വിനിയോഗവിവരം ലഭ്യമല്ല. |
| 17 | എടക്കളം കപ്പേള റോഡ് ,ചേലൂർകാവ് അംഗനവാടി റോഡ് റിനോവേഷൻ, 321/23 | ഇനം 2-, 29732/22 | 61.357 $M^3$ | മണ്ണിന്റെ വിനിയോഗവിവരം ലഭ്യമല്ല. |
| 18 | പാറക്കുഴി സ്ലൂയിസ് നിർമ്മാണം,130/23 | ഇനം-2-172/22, | 77.955m3 | ടി പ്രവൃത്തിയിൽ നിന്നും ആകെ 157.39 M3 മണ്ണ് ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും എക്സ്ട്രാ ഇനം 3,4 ആയി 51.91 M3 മണ്ണ് ഫില്ലിങ്ങിന് ഉപയോഗിച്ചിട്ടുണ്ട്. ബാക്കി 105 M3 മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. |
| | | ഇനം-3 | 55.515 $M^3$ | |
| | | ഇനം-4 | 23.92m3 | |

മേൽ പ്രകാരമുള്ള പ്രവൃത്തികളുടെ മണ്ണ്/സ്റ്റോൺ എന്നിവയുടെ വിനിയോഗവിവരം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറികൾ (44/02.02.24, 27/01/02.24) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മണ്ണിന്റെ വിനിയോഗവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ബി) മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തരിക്കുന്ന പ്രോജക്കുകളിൽ നിന്ന് ലഭ്യമായ മണ്ണിന്റെ വിനിയോഗ വിവരം എം. ബുക്കിൽ ചേർത്തിട്ടില്ല. മണ്ണിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജകട് നം. | പ്രോജക്ടിന്റെ പേര് | ലഭ്യമായ ആകെ മണ്ണ് | ഇ അളവു പുസ്തകം നം./ പേജ് നം. മണ്ണ് -അളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1. | 394/23 | ബൈപാസ് റോഡ് പുനരുദ്ധാരണം (വാർഡ് 12) | 175.664m3 | LSGD/ CELSGD/EB/ 17789/2022 (പേജ് നം.4, ഇനം 3 175.664m3 | മണ്ണ് ട്രഞ്ചിംഗ് ഗ്രൗണ്ടിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. |
| 2. | 124/23 | ചാത്തൻമാസ്റ്റർ | 550.55m3 | 219/19-20 | 460m3 മണ്ണ് |

| | | | | | |
|---|---|---|---|---|---|
| | | മെമ്മോറിയൽ ഹാൾ-ബാലൻസ് തുക വകയിരുത്തൽ | | (പേജ് നം. 2,63,67) | ബോയ്സ് ഹൈസ്കൂളിലേക്ക് കൊണ്ടു പോകുന്നതിന് തീരുമാനം (6.5.22ലെ 83ാം നം.തീരുമാനം) |

മണ്ണിന്റെ വിനിയോഗവിവരം/ലേലം ചെയ്തതിന്റെ വിവരം അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.41/1.2.24, 51/2.2.24).

## 1-45 എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

തൻവർഷം എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് ,നം | കരാറുകാരന്റെ പേര്, കാലാവധി | എഗ്രിമെന്റ് വെച്ച തിയ്യതി |
|---|---|---|---|
| 1 | കിണർ പരിസരം പുറക്കാട്ട്കുന്ന്കോളനി കുടിവെള്ള പദ്ധതി പശ്ചാത്തല സൗകര്യമൊരുക്കൽ , 249/23 | ടി.സി.സുനിൽകുമാർ (6 മാസം) | 03.03.23 |
| 2 | അംഗനവാടി -26 ന്റെ ഇൻഫ്ര സ്ട്രക്ച്ചർ ഡവലപ്മെന്റ്, കോമ്പൗണ്ട് വാൾ , 468/23 | പ്രസൂൺ.വി.പി. (6 മാസം) | 13.02.23 |
| 3 | അയ്യങ്കാളി സ്ക്വയർ പൂർത്തീകരണം-496/23 | കെ.എ.ഗോപികുമാർ (6 മാസം) | 10.03.23 |

മേൽ പ്രവൃത്തികൾ നാളിതു വരെ ആരംഭിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എൻക്വയറി (നം.40/02.02.24) നൽകിയിതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 വില്ലേജ് ഓഫീസ് റോഡ് റീ ടാറിങ്ങും,പാർശ്വ ഭിത്തി സംരക്ഷണവും,ചുണ്ടങ്ങപ്പാടം കൾവർട്ട് മെയിന്റനൻസ്-പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് നം.115/23

വകയിരുത്തിയ തുക -320000/-(മെയിന്റനൻസ് ഫണ്ട്-റോഡ്)

ചെലവ്- ഫസ്റ്റ് & പാർട്ട് ബിൽ - 95,633/- (2021-22)

സെക്കന്റ് & പാർട്ട് ബിൽ – 35,284/- (വൗച്ചർ നം. 22201310/16.02.23)

വെച്ചർ നം. 22201310/16.02.2023

സാങ്കേതികാനുമതി-59160/21-22 Dt.18.11.21

കരാർ കാലാവധി 5 മാസം

എഗ്രീഡ് പി.എ.സി.-2,81,446/-

കരാറുകാരൻ – റോജോ ജോസ്

എഗ്രിമെന്റ് -88/21-22/ Dt.11.01.22

MB-137/22

ആകെ പ്രവൃത്തി മൂല്യം -1,45,314/-

മേൽ പ്രവൃത്തിയുടെ കരാർ ഉടമ്പടി 7 പ്രകാരം നിശ്ചിത തിയ്യതിക്കകം തന്നെ പ്രവൃത്തി പൂർത്തിയാക്കിയിരിക്കേണ്ടതാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത

കാലാവധിയുടെ 20% സമയം (അഞ്ചിൽ ഒന്ന് സമയം) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തി കൊണ്ടും, പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% വീതം ചുമത്തി കൊണ്ടു മാത്രമേ കാലാവധി നീട്ടി കൊടുക്കുകയുള്ളൂ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സമയം ദീർഘിപ്പിച്ചു നൽകുന്നതിന് കരാറുകാരൻ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. മേൽ പ്രവൃത്തിയുടെ കരാർ കാലാവധി 5 മാസമായിരുന്നു എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അളവെടുത്തിട്ടുള്ളത് 07.10.22 നാണ്.

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി-11.06.22

11.06.22 മുതൽ 10.09.22 വരെ 3 മാസം പൂർത്തീകരണകാലാവധി നീട്ടി നൽകിയിരുന്നു. 11.09.22 മുതൽ 20.10.22 വരെയുള്ള സമയം 1% പിഴ ഈടാക്കികൊണ്ട് പൂർത്തീകരണ സമയം നീട്ടി നൽകിയിരുന്നു. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. എഗ്രീഡ് PAC യുടെ 1% (281446*1%) 2,814/-രൂപ പിഴയിനത്തിൽ ഈടാക്കേണ്ടതായിരുന്നു. പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 39/2.2.2024).

## 1-47 എം.എൻ. ലക്ഷംവീട് കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കിയിട്ടില്ല എം.എൻ.ലക്ഷംവീട് കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്റ്റ് നം. – 95/23
വകയിരുത്തിയ തുക -7,00,000/-(CFC)
ചെലവ്- ഫസ്റ്റ് & ഫൈനൽ ബിൽ-4,90,749/-
വൗച്ചർ നം. – 22202176/28.03.2023

സാങ്കേതികാനുമതി-17305/21-22 Dt.10.06.21

കരാർ കാലാവധി – 6 മാസം

എഗ്രീഡ് പി.എ.സി.-571616/-

കരാർ ഏജൻസി – സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ

എഗ്രിമെന്റ് -11/21-22/ Dt.25.08.21

MB-131/21-22
ആകെ പ്രവൃത്തി മൂല്യം -490749/-

മേൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി (46/02.02.24) നൽകിയതിന് മറുപടിയായി നാളിതു വരെ കറന്റ് കണക്ഷൻ ലഭ്യമായിട്ടില്ലെന്ന് അറിയിക്കുകയുണ്ടായി. കുടിവെള്ള പദ്ധതി എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 മുതലക്കുളം പടവ് -മോട്ടോറും പമ്പ് സെറ്റ് സ്ഥാപിക്കലും -മോട്ടോർഷെഡ് നിർമ്മാണം -സൂപ്പർവിഷൻ ചാർജ്ജ് അധികം നൽകി.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്റ്റ് നം. – 104/23
വകയിരുത്തിയ തുക -8,80,000/-(CFC)
ചെലവ്- ഫസ്റ്റ് & ഫൈനൽ ബിൽ-7,82,963/-
വൗച്ചർ നം. – 22201694/27.09.2022

സാങ്കേതികാനുമതി-70025/21-22 Dt.31.12.21

കരാർ കാലാവധി – 3 മാസം

എഗ്രീഡ് പി.എ.സി.-685163/-

കരാറുകാരൻ –ജോസ്.പി.സി.

എഗ്രിമെന്റ് -11/21-22/ Dt.25.08.21

MB-4/22-23
ആകെ പ്രവൃത്തി മൂല്യം -672187/-

മേൽ പ്രവൃത്തിയുടെ 8,80,000/-രൂപയുടെ എസ്റ്റിമേറ്റിൽ 798000/-രൂപ ഇലക്ട്രിഫിക്കേഷന് വേണ്ടി തൻവർഷം വകയിരുത്തിയിരുന്നു. ഇലക്ട്രിഫിക്കേഷന് വേണ്ടി ശ്രീ.പി.സി.ജോസിന്റെ 6,85,163/- രൂപയുടെ ടെണ്ടർ

അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം പണി പൂർത്തീകരിച്ച് ഇലക്ട്രിക് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.275/21 .ത.സ്വ.ഭ.വ. തീയതി: 26.11.2021 ഖണ്ഡിക 3.8.4 പ്രകാരം സൂപ്പർവിഷൻ ചാർജ്ജിനത്തിൽ ആകെ നൽകാവുന്ന തുക ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയുടെ 2.5% ആണ്. എന്നാൽ ടി പ്രവൃത്തിയുടെ സൂപ്പർവിഷൻ ചാർജ്ജിനത്തിൽ എസ്റ്റിമേറ്റ് തുകയുടെ 2.5% നൽകുന്നതിന് പകരം 4% നൽകിയിട്ടുണ്ട്.

ടി പ്രവൃത്തിയുടെ ആകെ മൂല്യം – 6,72,187/-

ജി.എസ്.ടി.-80,662

4% Remuneration-30,114

ആകെ -7,82,963

ടി പ്രവൃത്തിയുടെ സൂപ്പർവിഷൻ ചാർജ്ജിനത്തിൽ നൽകേണ്ട തുക

എസ്റ്റിമേറ്റ് തുക-7,98,000 (12% GST ഉൾപ്പടെ)

712500/-GSTഒഴികെ)

സൂപ്പർവിഷൻ ചാർജ്ജ് -712500x2.5% = 17812.5 = 17,813/-

അധികം നൽകിയ തുക – 12,301/- (30114-17813 )

സൂപ്പർവിഷൻ ചാർജ്ജിനത്തിൽ അധികം നൽകിയ തുക 12,301/- രൂപ തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 54/09.02.2024)

**1-49 ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല-ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.**

എ) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം. | പേര് | ചെലവ് | വൗച്ചർ നം. |
|---|---|---|---|---|
| 1 | 76/23 | മയ്യർ പടവ് പാലക്കുഴി സ്ലീയിസ് കോൺക്രീറ്റ് ചാൽ നിർമ്മാണം | 6,35,307/- | 22202155/27.03.23 1,45,156/-<br>22201246/09.05.22 5,08,151/- |
| 2 | 75/23 | പാറക്കുഴി സ്ലൂയിസ് വാർഡ്-8 | 7,19,050/- | 22201423/16.06.22 |
| 3 | 153/23 | എഞ്ചിനീയറിങ്ങ് വിഭാഗത്തിന് പശ്ചാത്തല സൗകര്യം ഒരുക്കൽ | 2,93,126/- | 22202155/27.03.23 1,45,156/- |
| 4 | 141/23 | അങ്കണവാടികൾക്ക് ഇലക്ട്രിഫിക്കേഷൻ | 85,888/- | ലഭ്യമല്ല |
| 5 | 118/23 | വിവിധ വാർഡുകളിൽ ടാർ പാച്ച് വർക്ക് | 1,73,121/- | 22201249/09.05.22 1,58,835/- 22201250/09.05.22 14,286/- |
| 6 | 378/23 | വിവിധ പ്രവൃത്തികൾക്ക് ടാർ അധിക തുക നൽകൽ | 2,01,080/- | 22201681/27.10.22 |
| 7 | 389/23 | എസ്.എം.വി.റോഡ് മണ്ണാത്തിക്കുളം റോഡ് റീടാറിങ്ങ് | 10,47,733/- | 22201956/23.03.23 |
| | | ആകെ | 31,55,305/- | |

ബി) മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ക് നം. | പേര് | ചെലവ് | |
|---|---|---|---|---|
